1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പാസ്സാക്കണം എന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ സഭ ഏകകണ്ഠമായി പാസ്സാക്കിയിരിക്കുന്നു

X. ഗവൺമെന്റ് പ്രമേയം

വിദ്യുച്ഛക്തി ബോർഡിന് എടുക്കാവുന്ന വായ്പയുടെ പരിധി വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"1948-ലെ വിദ്യുച്ഛക്തി (വിതരണ) ആക്ട് (1948-ലെ 54-ാം കേന്ദ്ര ആക്ട്) 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, ഒരു സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് കാലാകാലങ്ങളിൽ, സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്കും, ആ കാര്യത്തിനായി നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്ക് വിധേയമായും, പ്രസ്തുത നിയമത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടിവരുന്ന ഏതെങ്കിലും തുക വായ്പ എടുക്കാമെന്നുള്ളതിനാലും;

സംസ്ഥാന സർക്കാർ സംസ്ഥാന നിയമസഭയുടെ അംഗീകാരത്തോടുകൂടി, പത്തുകോടി രൂപയിൽ കൂടുതലായുള്ള പരമാവധി തുക നിശ്ചയിക്കാത്ത പക്ഷം, പ്രസ്തുത നിയമത്തിന്റെ 65-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഒരു സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്, ഒരു സമയം പ്രസ്തുത വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം എടുക്കാവുന്ന വായ്പത്തുക പത്തു കോടി രൂപയായതിനാലും;

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ അഭ്യർത്ഥനയനുസരിച്ച് കേരള സർക്കാർ, 1997 ഏപ്രിൽ 3-ാം തീയതിയിലെ സംസ്ഥാന നിയമസഭയുടെ പ്രമേയം വഴി നൽകിയ അംഗീകാരത്തോടുകൂടി, പ്രസ്തുത ആക്ട് 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന് ഒരു സമയം എടുക്കാ

LIBRARY ARCHIVES Kerala Legislative Assembly

വുന്ന പരമാവധി വായ്പത്തുക ആയിരത്തി അഞ്ഞൂറു കോടി രൂപയായി നിശ്ചയിച്ചിരിക്കുന്നതിനാലും;

പ്രസ്തുത ആക്ട് 65-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ബോർഡിന് ഒരു സമയം എടുക്കാവുന്ന വായ്പത്തുക മൂവായിരം കോടി രൂപയായി വീണ്ടും ഉയർത്തണമെന്ന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നതിനാലും;

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് പ്രസ്തുത ആക്ട് 65-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു സമയം എടുക്കാവുന്ന വായ്പത്തുക മൂവായിരം കോടി രൂപയായി നിശ്ചയിക്കാൻ സർക്കാർ ഉദ്ദേശിച്ചിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ 1948-ലെ വിദ്യുച്ഛക്തി(വിതരണ) ആക്ട് (1948-ലെ 54-ാം കേന്ദ്ര ആക്ട്) 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് ഒരു സമയം എടുക്കാവുന്ന പരമാവധി വായ്പത്തുക മൂവായിരം കോടി രൂപയായി നിശ്ചയിക്കുന്നതിന് പ്രസ്തുത നിയമത്തിന്റെ 65-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം അംഗീകാരം നല്കുന്നതിന് നിയമസഭ തീരുമാനിക്കുന്നു.''

പ്രമേയത്തിന്റെ ഉള്ളടക്കവും വിശദാംശങ്ങളും ഇതിനോടകംതന്നെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. കൂടുതൽ സമയമെടുത്ത് ഒരു വിശദീകരണത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. 9-ാം പദ്ധതിയുടെ രൂപരേഖയനുസരിച്ച് വൈദ്യുതി ബോർഡിന് 1997-2002-ാം ആണ്ടിലെ മൊത്തം മുതൽമുടക്ക് കണക്കാക്കപ്പെട്ടിട്ടുള്ളത് 4380 കോടി രൂപയാണ്. ജല വൈദ്യുത പദ്ധതികളുടേയും താപനിലയങ്ങളുടേയും ഓഗ്മെന്റേഷൻ സ്കീമുകളുടേയും പ്രവർത്തനങ്ങൾക്കായി അതായത്, ഉല്പാദന മേഖലയിൽ 1280 കോടി രൂപയും പ്രസരണ മേഖലയിൽ 1479 കോടി രൂപയും വിതരണ മേഖലയിൽ 770 കോടി രൂപയും ചെലവഴിക്കുന്നതിനാണ് പദ്ധതിരേഖയനുസരിച്ച് ബോർഡ് പരിപാടി ആവിഷ്കരിച്ചിട്ടുള്ളത്. അതിലേയ്ക്ക് വേണ്ടിവരുന്ന ഏറ്റവും കുറ്റമറ്റ രൂപത്തിലുള്ള വൈദ്യുതിയുടെ ഉല്പാദനത്തിലും പ്രസരണത്തിലും വിതരണത്തിലും ആവശ്യമായ ചെലവുകൾ നിർവ്വഹിക്കപ്പെടേണ്ടിവരുന്നതിന് ഇത് അനിവാര്യമാക്കിത്തീർക്കുന്നു എന്നുള്ളതുകൊണ്ടാണ് ഈ പ്രമേയം സഭ അംഗീകരിച്ച് പാസ്സാക്കിത്തരണമെന്ന് ഗവൺമെന്റിനുവേണ്ടി അഭ്യർത്ഥിക്കുന്നത്.

<u>മി. സ്പീക്കർ</u> : ശ്രീ. കെ.സി. ജോസഫിന്റെ ഭേദഗതി പ്രമേയത്തിന്റെ കണ്ടന്റിനോട് യോജിക്കാത്തതാണ്; അതിനാൽ ഓർഡറിലല്ല. പക്ഷേ സംസാരിക്കാം.

<u>ശ്രീ. കെ.സി. ജോസഫ്</u> : പ്രമേയത്തെ എതിർക്കുന്നു. എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ. ബോർഡിന്റെ വായ്പാപരിധി വർദ്ധിപ്പിക്കാൻ പോകുന്നു. അതിന്റെ അർത്ഥം ബോർഡിന്റെ സാമ്പത്തികനില ഭദ്രമല്ല എന്നുതന്നെയാണ്. മൂന്നു പ്രാവശ്യം ചാർജ്ജ് കൂട്ടി. ഇത്രയും വലിയ സാമ്പത്തിക ബാദ്ധ്യത കൺസ്യൂമേഴ്സിന് ഉണ്ടായിട്ടും ബോർഡ് വീണ്ടും കടക്കെണിയിലേയ്ക്ക് പോകുകയാണ്. അതുകൊണ്ട് അങ്ങ് ഈ സഭയുടെ അംഗീകാരം വാങ്ങി 1200 കോടി രൂപ 3000 കോടി രൂപയാക്കുമ്പോൾ ദയവായി ഇന്നലെ രാവിലേയും ഇന്നും ഈ സഭയിൽ പറഞ്ഞതുപോലെ 15.5.1999 മുതൽ കേരളത്തിലെ ഗാർഹിക, കാർഷിക, വ്യാവസായിക ഉപഭോക്താക്കൾക്ക് ഏർപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തിയ താരിഫ് വർദ്ധനവ് പിൻവലിക്കണം. ആ സാമ്പത്തിക ബാദ്ധ്യതയിൽ നിന്ന് കേരളത്തിലെ ഉപഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള നടപടി ഉണ്ടായാൽ സ്വാഗതാർഹമാണ്. ബോർഡിന്റെ കടപരിധി വർദ്ധിപ്പിക്കാൻ പോകുന്നു. വായ്പ ശേഖരിക്കാൻ പോകുകയാണ്. അതുകൊണ്ട് താരിഫ് വർദ്ധനവ് ആവശ്യമില്ല. കാരണം പുതിയ സോഴ്സ് വരാൻ പോകുകയാണ്.

<u>മി. സ്പീക്കർ</u> : ഇത് റെസല്യൂഷന്റെ അമെന്റുമെന്റ് അല്ല. *(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : സർ, പ്രമേയത്തെ എതിർക്കുന്നു. എതിർക്കുന്നതിന് പ്രധാനമായ കാരണങ്ങളുണ്ട്. താരിഫ് വർദ്ധനവിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. 15.5.1999 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവ് കേരളത്തിലെ ഗാർഹിക, കാർഷിക ഉപഭോക്താക്കളെയെല്ലാം ഒരു പോലെ വിഷമിപ്പിച്ച വളരെ പ്രധാനപ്പെട്ട ഒരു സംഭവമായി മാറിയിരിക്കുകയാണ്. കഴിഞ്ഞവർഷം വരെ ലാഭത്തിലായിരുന്ന കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഈ വർഷം നഷ്ടക്കെണിയിലേയ്ക്ക് ചാടിക്കൊണ്ടിരിക്കുകയാണ്. ഉള്ളതുവച്ചുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും ഈ ചാർജ് വർദ്ധനവ് നടത്തിയത്. ചാർജ് വർദ്ധനവ് പുനഃപരിശോധിക്കണം എന്നുള്ള അഭ്യർത്ഥന ഈ സഭ ആരംഭിച്ചതു മുതൽ ഉയർന്നുവന്ന വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. ഇതനുസരിച്ച് സർക്കാർ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിലും കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാത്ത സാഹചര്യത്തിലും വായ്പത്തുക മൂവായിരം കോടി രൂപയാക്കി വർദ്ധിപ്പിക്കണം എന്ന് പറയുന്നതിൽ അർത്ഥമില്ല. സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യക്ഷമതയില്ലായ്മയെക്കുറിച്ച് പല പത്രങ്ങളിലും വാർത്തകൾ വരുകയുണ്ടായി. ഞാൻ ദീർഘമായി ആ കാര്യങ്ങളെ സംബന്ധിച്ച് സംസാരിക്കുന്നില്ല. എൻ.ടി.പി.സി. യുടെ കായംകുളം താപവൈദ്യുതനിലയത്തിലെ 115 മെഗാവാട്ട് ശേഷിയുള്ള ജനറേറ്റർ അടച്ചിടാൻ പോവുകയാണ്. 230 മെഗാവാട്ട് ശേഷിയുള്ള നിലയത്തിലെ ബാക്കി വൈദ്യുതി വേണ്ടെന്ന് വൈദ്യുതി ബോർഡ് അറിയിച്ചിരിക്കുന്നതിനെത്തുടർന്നാണ് ഈ നടപടി. ബ്രഹ്മപുരം താപനിലയത്തിന് ആവശ്യമായ ജനറേറ്റർ വാങ്ങിയതിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിലും വൈദ്യുതി ബോർഡിന് 75 കോടിയിലേറെ രൂപയുടെ നഷ്ടം ഉണ്ടെന്ന് ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷൻ കണ്ടെത്തി. അതിന്റെ വിശദാംശത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഒരേ കേസിൽ വൈദ്യുതി ബോർഡും സംസ്ഥാന സർക്കാരും സുപ്രീം കോടതിയിൽ വ്യത്യസ്ത നിലപാട് സ്വീകരിച്ചതുമൂലം സർക്കാരിന് 2 കോടി രൂപ നഷ്ടപ്പെട്ടു. സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥർ കാണിച്ച അനാസ്ഥമൂലമാണ് ബോർഡ് ജയിക്കുമായിരുന്ന ഈ കേസിൽ നഷ്ടം ഉണ്ടായത്. കുറ്റിയാടി എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണപ്രവർത്തനത്തിന് പണം കണ്ടെത്താനാവാതെ വിഷമിക്കുമ്പോൾ ഉപദേശകരായ വിദേശ കമ്പനിക്ക് വൈദ്യുതി ബോർഡ് കോടികൾ നൽകുന്നു. 50 മെഗാവാട്ടിന്റെ പദ്ധതിക്കുവേണ്ടി, 1998-'99 സാമ്പത്തികവർഷം വകയിരുത്തിയത് 4 കോടി രൂപ മാത്രമാണ്. ഈ പദ്ധതിയുടെ ഉപദേശകരും വിവാദ കനേഡിയൻ കമ്പനിയുമായ എസ്.എൻ. സി.ലാവ്‌ലിന് ഇതുവരെ ആറര കോടിയിലധികം രൂപ നൽകിക്കഴിഞ്ഞു. വൈദ്യുതി ബോർഡിന്റെ മാനദണ്ഡം ലംഘിച്ച് കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതികൾക്കായി പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നുവെന്ന് വ്യക്തമായ സാഹചര്യത്തിൽ കനേഡിയൻ കമ്പനിയെ സഹായിക്കാനായി ബോർഡിലെ ചില ഉന്നത ഉദ്യോഗസ്ഥൻമാർ മുൻകൈയെടുത്തുകൊണ്ടാണ് ഈ മാനദണ്ഡങ്ങൾ ലംഘിച്ച് ടെൻഡർ വിളിച്ചത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി ലഭിക്കാത്ത വൈദ്യുതി പദ്ധതി സംബന്ധിച്ച നടപടികളുമായി കെ.എസ്.ഇ.ബി.മുന്നോട്ടു പോകുന്നു. 100 മെഗാവാട്ടിന്റെ കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി നടപ്പിൽവരുത്താനാണ് സംസ്ഥാന വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്. 250 മെഗാവാട്ടിന്റെ ഈ വൈദ്യുത പദ്ധതി ടെൻഡർ ചെയ്യുന്നതിന് പ്രീ-ക്വാളിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ട് മാസങ്ങളായി. ഒരു ദേശീയ ഇംഗ്ലീഷ് ദിനപത്രത്തിൽ ഇത് സംബന്ധിച്ച് നൽകിയിരുന്ന നോട്ടീസിന്റെ പരസ്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേന്ദ്ര വനം മന്ത്രാലയം കെ.എസ്.ഇ.ബി. യോട് വിശദീകരണം ആവശ്യപ്പെടുകയാണ്. കനേഡിയൻ കമ്പനിയെ സഹായിക്കുന്നതിന് ജല വൈദ്യുത രംഗത്തുള്ള പ്രഗത്ഭമായ ചൈനീസ് കമ്പനിയെ വൈദ്യുതി അധികൃതർ അയോഗ്യരാക്കി. ഇടതുപക്ഷ മുന്നണി നേതൃത്വത്തിന്റേയോ മന്ത്രിസഭയുടേയോ അറിവും സമ്മതവും ഇല്ലാതെയാണ് ബോർഡിലെ ചില ഉന്നത ഉദ്യോഗസ്ഥൻമാർ ഇത് സംബന്ധിച്ച് തീരുമാനമെടുത്തതെന്ന് പറയുന്നു. കനേഡിയൻ കമ്പനിക്ക് കരാർ കൊടുത്താൽ ഉണ്ടാകുന്ന നേട്ടം ചൈനീസ് ഗവൺമെന്റിന്റെ കമ്പനിയിൽനിന്നും ലഭിക്കില്ല എന്നാണ് ഇത് തീരുമാനിച്ചതിന്റെ പിന്നിലുള്ള വസ്തുത. 225 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ ജലവൈദ്യുത പദ്ധതിയുടെ പ്രീ-ക്വാളിഫിക്കേഷൻ യോഗത്തിലാണ് വിവാദപരമായി വൈദ്യുതി ബോർഡ് സാമ്പത്തിക തകർച്ചയിലേയ്ക്ക് നീങ്ങുകയാണെന്ന് കനേഡിയൻ കമ്പനിയായ എസ്.എൻ.സി.ലാവ്‌ലിൻ തയ്യാറാക്കിയ ഒരു പഠന റിപ്പോർട്ടിൽ വിലയിരുത്തിയത്. 1995-ലാണ് ഈ തകർച്ച ആരംഭിച്ചതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഇൻഡ്യയിലെ മറ്റ് വൈദ്യുത ബോർഡുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 1996 വരെ എല്ലാ മേഖലകളിലും കെ.എസ്.ഇ.ബി. മികച്ച പ്രകടനമാണ് കാഴ്ചവച്ചിരിക്കുന്നതെന്ന് കനേഡിയൻ വിദഗ്ദ്ധർ എടുത്തുപറയുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡും വൈദ്യുതി ഉപഭോക്താക്കൾക്കുവേണ്ടി വളരെ പ്രയോജനപ്രദമായ വൈദ്യുതി റഗുലേറ്ററി കമ്മിഷൻ നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ നിയമസഭയിൽ ചോദിച്ച 312-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ഉത്തരമായി പറഞ്ഞിരിക്കുന്നത് കമ്മിഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നതു സംബന്ധിച്ച് വിശദമായ പരിശോധന നടന്നുവരുകയാണ് എന്നാണ്. വൈദ്യുതി ഉല്പ്പാദനം ഏറ്റവും ചെലവിൽ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തുക, പ്രസരണ-വിതരണ മേഖലകളിൽ ഗുണനിലവാരം നിലനിർത്തുക, അമിതമായ ലാഭേച്ഛമൂലം വൈദ്യുതി നിരക്കുകൾ യഥേഷ്ടം വർദ്ധിപ്പിച്ചുകൊണ്ടുപോകാനുള്ള പ്രവണത തടയുക, ഉപഭോക്താക്കൾക്ക് അമിതമായ നിരക്കുകളിൽനിന്നും പരിരക്ഷ നൽകുക, ഉൽപ്പാദന-പ്രസരണ-വിതരണ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളും കണക്കുകളും പരിശോധിച്ച് സാമ്പത്തികശേഷി ശക്തിപ്പെടുത്തുന്നതിനുവേണ്ട നയങ്ങൾ അംഗീകരിക്കുക, വൈദ്യുതി കമ്പോള സ്ഥിതിഗതികൾ പഠിച്ച് ആവശ്യാനുസരണം പുതിയ കമ്പനികളുടെ പ്രവേശനം വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കുക, വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കേണ്ടതായി വരുമ്പോൾ അങ്ങനെയുള്ള നിരക്കുകളെ സംബന്ധിച്ച് മുൻകൂട്ടി ഉപഭോക്താക്കളെ വസ്തുനിഷ്ഠമായ കണക്കുകൾ വച്ച് ബോദ്ധ്യപ്പെടുത്തുക, അവരുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങിയ വിപുലവും രേഖിച്ചതുമായ ചുമതലകളാണ് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

റഗുലേറ്ററി കമ്മിഷന് നിർവ്വഹിക്കാനുള്ളത്. അത്തരം കമ്മിഷൻ എന്തു കൊണ്ട് രൂപീകരിച്ചില്ല എന്നുള്ളത് വ്യക്തമാക്കണം എന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്. കൊള്ള നടത്താൻവേണ്ടി കറണ്ടുചാർജ് കൂടുന്നുവെന്ന് എല്ലാ പത്രങ്ങളിലും റിപ്പോർട്ടുണ്ട്. 'ദീപിക' പത്രം എഴുതിയ റിപ്പോർട്ടിലെ പ്രധാന വരികൾ ഞാൻ വായിക്കാം. "ബോർഡിനെ അതിന്റെ തിൻമകളിൽനിന്നും മുൻപോട്ടെടുക്കാനുള്ള ധീരത ഇടതുമുന്നണിയും സർക്കാരിനുമുണ്ടോ? അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും ഇല്ലാതാക്കാനുള്ള ആത്മാർത്ഥതയുണ്ടോ? ജനങ്ങളെ കറണ്ട്ചാർജിന്റെ പേരിൽ പീഡിപ്പിക്കരുതെന്ന കാര്യത്തിൽ പ്രതിബദ്ധതയുണ്ടോ? എങ്കിൽ ഈ കനത്ത വർദ്ധനവ് സർക്കാർ നടപ്പിലാക്കരുത്. ഇടതുമുന്നണി അതിന് അനുവദിക്കുകയുമരുത്." ഇത്രയും പ്രധാനപ്പെട്ട പ്രശ്നങ്ങളുള്ള സാഹചര്യത്തിൽ ഈ വർദ്ധനവ് അനിവാര്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. രാജു എബ്രഹാം</u> : ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. 1997-ൽ വായ്പത്തുകയുടെ പരിധി ഉയർത്തുന്നതിനെക്കുറിച്ച് ചർച്ച വന്നപ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ള, പറഞ്ഞത് നാലായിരം കോടിരൂപയെങ്കിലും ബാക്കി വായ്പാ പരിധി ഉയർത്തണമെന്നാണ്. എല്ലാ കക്ഷികളുടേയും അഭിപ്രായം എന്താണെന്ന് അറിഞ്ഞുകൂടാ. എന്തിനുവേണ്ടിയാണ് ഇതിനെ എതിർക്കുന്നത്? കേരളത്തെ ഇരുട്ടിലേയ്ക്ക് നയിച്ചിട്ടുള്ള ഗവൺമെന്റാണ് ഇതിനുമുൻപ് കേരളം ഭരിച്ചത്. ഫ�ൈവ് ഇയർ പ്ലാൻ അനുസരിച്ച് 4310 കോടി രൂപയാണ് വൈദ്യുതി ബോർഡിനു വേണ്ടത്. രണ്ടാഴ്ച മുൻപ് വൈദ്യുതിയെക്കുറിച്ചുള്ള ചർച്ചാവേളയിൽ ശ്രീ. പി.കെ.കെ ബാവ ഒരു കവിത ചൊല്ലി. 'വെളിച്ചം ദു:ഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം' എന്ന്. അദ്ദേഹം ഏത് ഭരണകാലത്തെ ഉദ്ദേശിച്ചാണ് ഇത് ചൊല്ലിയതെന്ന ഒരു സംശയം ഇപ്പോഴും ബാക്കിനിൽക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിനെപ്പറ്റിയാണോ പറഞ്ഞത് അതോ ഈ ഗവൺമെന്റിനെപ്പറ്റിയാണോ പറഞ്ഞത്? ഈ ഗവൺമെന്റിനെപ്പറ്റിയാണെങ്കിൽ അങ്ങനെ പറയാൻ യാതൊരു കാരണവുമില്ല. 4 മണിക്കൂർ ലോഡ്ഷെഡ്ഡിംഗും വ്യവസായങ്ങൾക്ക് 100 ശതമാനം പവർകട്ടും ആയിരുന്നില്ലേ കഴിഞ്ഞ കാലഘട്ടത്തിൽ? ആ കാലഘട്ടത്തിന് അനുയോജ്യമായ കവിത ഞാൻ ചൊല്ലണമോ? ഇപ്പോൾ ഏതു കവിതയാണ് ചൊല്ലേണ്ടത്? 'തമസോമാ ജ്യോതിർഗമയാ' എന്നു ചൊല്ലണം. ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്ക് നയിച്ചാലും. 'മൃത്യോമാ അമൃതം ഗമയാ' മരണം മാറി കെ.എസ്.ഇ.ബി.യുടെ അനശ്വരതയിലേയ്ക്ക് ജീവൻ വച്ചിരിക്കുന്നു.

സർ, നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി മിച്ചമുള്ള സംസ്ഥാനമാക്കി മാറ്റാൻവേണ്ടിയുള്ള ധീരമായ ശ്രമമാണ് വൈദ്യുതി മന്ത്രി ശ്രീ. എസ്. ശർമ്മ നിർവ്വഹിക്കുന്നത്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട പി.ജെ. ജോയി ഇതുസംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചു. വ്യവസായങ്ങൾ മുഴുവൻ പൂട്ടുമെന്നാണ് അദ്ദേഹം പറഞ്ഞത്. എങ്ങനെയാണ് വ്യവസായങ്ങൾ പൂട്ടുന്നത്? ആന്ധ്രപ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിലെ കറണ്ട് ചാർജ്ജിന്റെ കാര്യം ഇവിടെ പറഞ്ഞു. ഇവിടെ 2 രൂപാ 95 പൈസ കൊടുക്കേണ്ട് കറണ്ടിന് ആന്ധ്രാപ്രദേശിൽ 4 രൂപാ 31 പൈസാ കൊടുക്കണം. കർണ്ണാടകയിൽ 5 രൂപാ 2 പൈസ കൊടുക്കണം. തമിഴ്നാട്ടിൽ 4 രൂപയാണ്. ഇവിടെ 2 രൂപാ 95 പൈസ. ഈ ചാർജ്ജ് വർദ്ധനവ് എങ്ങനെയുണ്ടായി? പടപേടിച്ച് പന്തളത്തു ചെന്നപ്പോൾ പന്തവും കൊളുത്തി പട എന്നുപറയുന്നതു

LIBRARY ARCHIVES Kerala Legislative Assembly

പോലെയായിരിക്കും ഇവിടത്തെ വ്യവസായങ്ങൾ തമിഴ്നാട്ടിൽ പോയാൽ. കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഏത് കാലഘട്ടത്തിലാണ് ഉണ്ടായത്? ശ്രീ. എ.കെ. ആന്റണി അടക്കം കേന്ദ്രത്തിൽ മന്ത്രിമാരായിരുന്ന കാലഘട്ടത്തിൽ എന്താണ് പറഞ്ഞത്? ഊർജ്ജനയത്തിന്റെ ഭാഗമായി 3 ശതമാനം ലാഭമുണ്ടാക്കണം, എങ്കിലേ ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ നൽകാൻ അനുമതി കൊടുക്കൂ എന്നാണ്. അതിന്റെ ഫലമായി ഇപ്പോൾ 3 ശതമാനം ലാഭമുണ്ടാക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. കായംകുളം വൈദ്യുതിനിലയത്തിന്റെ കരാർ ഒപ്പിട്ടത് ഈ ഗവൺമെന്റാണോ? മുൻ ഗവൺമെന്റല്ലേ? 3 രൂപാ 94 പൈസക്ക് 350 മെഗാവാട്ട് വൈദ്യുതി എടുത്തുകൊള്ളാമെന്ന് പറഞ്ഞില്ലേ? ഈ ഗവൺമെന്റ് ഇപ്പോൾ അത് 3 ഉറുപ്പികയാക്കി കുറയ്ക്കാൻ നോക്കിക്കൊണ്ടിരിക്കുകയാണ്. പണ്ട് എത്ര തവണ ചാർജ്ജ് കൂട്ടി? ഇവിടെ ഇപ്പോൾ വീടുകൾക്ക് ഒരു തവണ ചാർജ്ജ് കൂട്ടി. 1992-ൽ 42 ശതമാനം ചാർജ്ജ് കൂട്ടി. 1993-ലും 1994-ലും ചാർജ്ജ് കൂട്ടി. ഇവിടെ ഇപ്പോൾ എന്തിനുവേണ്ടിയിട്ടാണ് അൽപ്പം ചാർജ്ജ് കൂട്ടിയത്. പകൽ രണ്ടുമണിക്കൂർ, രാത്രി രണ്ടു മണിക്കൂർ കട്ട്. വ്യാപാരികളോട് എന്താണ് പറഞ്ഞത്? വ്യാപാരി-വ്യവസായി ഏകോപന സമിതിയെക്കൊണ്ട് ഇപ്പോൾ പ്രക്ഷോഭണം തുടങ്ങിപ്പിക്കുകയാണ്. എന്താണ് കടക്കാരോട് പറഞ്ഞത്? ഏഴ് മണിയാകുമ്പോൾ കടകൾ അടച്ചുപൂട്ടണം എന്നുപറഞ്ഞു. ഗാർഹിക ഉപഭോക്താക്കളിൽ ഏറിയ പങ്കും 50 യൂണിറ്റു മുതൽ 150 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്നവരാണ്. 5 രൂപമുതൽ 37 രൂപവരെയുള്ളൂ... വ്യാപാര വ്യവസായി ഏകോപന സമിതി പ്രക്ഷോഭണം പിൻവലിച്ചു. അത് അവർ കണക്കുകൂട്ടിയതുകൊണ്ടാണ്. വ്യാപാരികളോട് എന്താണ് പറഞ്ഞത്? ജനറേറ്റർ വാങ്ങാൻ. ആയിരക്കണക്കിന് ജനറേറ്റർ അവർ വാങ്ങിയില്ലേ? അതിന്റെ തുച്ഛമായിട്ടുള്ള ശതമാനമെങ്കിലും ഇപ്പോൾ കൂടുതൽ കൊടുത്താൽ മതിയല്ലോ. ഇപ്പോൾ ഫാക്ടറികൾക്ക് ജനറേറ്റർ വാങ്ങണ്ട. എന്റെ ഒരു സുഹൃത്ത് 125 കെ.വി.യുടെ ഒരു ജനറേറ്ററാണ് അന്ന് വാങ്ങിയത്. ഇപ്പോൾ അത് പൊടിപിടിച്ച് മാറ്റിവച്ചിരിക്കുകയാണ്. ഇപ്പോൾ കറണ്ടുണ്ട്. ഇവിടെ പവർകട്ട് ഏർപ്പെടുത്തിയ സമയത്തെ മാത്രം നഷ്ടം മൂവായിരം കോടി രൂപ എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇപ്പോൾ അധിക താരിഫ്മൂലം ഉണ്ടാകുന്ന അധിക ബാദ്ധ്യത 200 കോടി രൂപ. ഈ ചാർജ്ജ് വർദ്ധനവിന് എതിരായിട്ടുള്ള വാദമുഖങ്ങളാണ് ഇവർ ഉയർത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ 56 വർഷത്തെ ചരിത്രമെടുത്താൽ -കേരളത്തിൽ 56 വർഷക്കാലം കൊണ്ട് ഉൽപ്പാദിപ്പിച്ചത് 1,500 മെഗാവാട്ട് വൈദ്യുതി ആണ്. ഇവിടെ എന്താണ് സ്ഥിതി? 3 വർഷക്കാലംകൊണ്ട് 627 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചിരിക്കുന്നു; സർവ്വകാല റിക്കോർഡ് സൃഷ്ടിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ടാഴ്ചക്കുമുൻപ് 577 മെഗാവാട്ടായിരുന്നു കേരളത്തിലെ ഉൽപ്പാദനം. രണ്ടാഴ്ചക്കുള്ളിൽ 50 മെഗവാട്ട് വൈദ്യുതി അധികം വന്നിരിക്കുന്നു. കക്കാട് ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്തിരിക്കുന്നു. അവിടെ 5 വർഷക്കാലം കൊണ്ട് കഴിഞ്ഞ ഗവൺമെന്റ് അധികമായി ഉൽപ്പാദിപ്പിച്ചത് 17 മെഗാവാട്ട് വൈദ്യുതി ആണ്. എന്റെ മണ്ഡലത്തിൽ 12 മെഗാവാട്ട്, സ്വകാര്യ നിലയത്തിൽ. അപ്പുറത്ത് ശ്രീ. പ്രകാശ് ബാബുവിന്റെ മണ്ഡത്തിൽ 5 മെഗാവാട്ട്. കല്ലട 17 മെഗാവാട്ട്. ഇവിടെ 700 മെഗാവാട്ട് കടന്നിരിക്കുന്നു. കോഴിക്കോട് ഡീസൽ നിലയം തെരഞ്ഞെടുപ്പിനു മുൻപ് പ്രവർത്തനം ആരംഭിക്കുകയാണ്. 627 മെഗാവാട്ടിനോടൊപ്പം 128 ചേർത്താൽ 755 മെഗാവാട്ട് ഈ സെപ്റ്റംബർ മാസം വരും എന്നാണ് എക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നത്. ഈ രൂപത്തിൽ വൈദ്യുതി ബോർഡിന്റെ വിക

LIBRARY ARCHIVES Kerala Legislative Assembly

സന പ്രവർത്തനങ്ങൾ പോയാൽ 2002 ആകുമ്പോൾ 3,226 മെഗാവാട്ട് വേണ്ടി ടത്ത് 4,469 മെഗാവാട്ടായിട്ട് കറണ്ടിന്റെ ഉൽപ്പാദനം വർദ്ധിക്കും. ഇതുകൂടാതെ നമ്മുടെ ബി.എസ്.ഇ.എസിന്റെ മൂന്നാം ഘട്ടം, കായംകുളത്തിന്റെ പുതിയ പദ്ധതി, ആതിരപ്പിള്ളി എന്നിവ ടെൻഡർ സ്റ്റേജിൽ എത്തിയിരിക്കുന്നു, കുറ്റ്യാടി ടെൻഡർ സ്റ്റേജിലാണ്. മലങ്കര, ചൈനീസ് പദ്ധതികൾ, ചെമ്പുകടവ്, ഉറുമി തുടങ്ങിയുള്ള പദ്ധതികൾക്ക് 700 കോടിയിലധികം ഉറുപ്പിക വേണം. ഈ പദ്ധതികൾ ആരംഭിക്കാൻ പണം വേണ്ടേ? പണം വേണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ പണം കൊടുക്കുമായിരുന്നോ? വൈദ്യുതി ബോർഡിന് പണം കൊടുക്കില്ലായിരുന്നു. ഇപ്പോൾ കേരളത്തിലെ വൈദ്യുതി ബോർഡിന് പണം കൊടുക്കാൻ ഓടിനടക്കുകയാണ്. എത്ര സ്ഥാപനങ്ങളാണ്, സമയം ഇല്ലാത്തതു കൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. വോൾട്ടേജിന്റെ സ്ഥിതി എന്താണ്? മലബാറിലുള്ള വീടുകളിൽ 40-ന്റേയും, 60-ന്റേയും ബൾബ് കത്തിനിൽക്കുന്നത് ദൂരെനിന്ന് കണ്ടാൽ ഭിത്തിയിൽ ഒരു വ്യക്തി ചാരിനിന്ന് ബീഡി വലിക്കുന്നതുപോലെ തോന്നും. ഒരു അരണ്ട വെളിച്ചം, ഇതായിരുന്നു വോൾട്ടേജിന്റെ സ്ഥിതി. വിവാഹം കഴിഞ്ഞ് വീട്ടിൽവരുന്ന ഭർത്താവും ഭാര്യയും മണിയറയിൽ കടന്നുകഴിഞ്ഞാൽ അന്യോന്യം അവരുടെ മുഖം കാണില്ല, വോൾട്ടേജ് ഇല്ല. ഇപ്പോൾ വോൾട്ടേജ് ഉണ്ട്, വിവാഹമോചനം പോലും കുറഞ്ഞിരിക്കുന്നു. പ്രശ്നങ്ങൾ മാറിയിരിക്കുന്നു. കക്കാടിന്റെ അവസ്ഥ എന്താണ്? കക്കാട് 1980-ൽ പ്രവർത്തനം ആരംഭിച്ചു. 20 വർഷക്കാലം കഴിഞ്ഞു, 20 വർഷം കഴിഞ്ഞപ്പോൾ കക്കാട് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നില്ലായിരുന്നുവെങ്കിൽ കക്കാട് പദ്ധതി കമ്മീഷൻ ചെയ്യാൻ 10 വർഷം കൂടി എടുക്കുമായിരുന്നു. 18 കോടിരൂപയിൽനിന്നും അത് 180 കോടിരൂപയായിട്ടാണ് വർദ്ധിച്ചത്. വലുതും ചെറുതുമായ 50-ൽപ്പരം പദ്ധതികൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഉയർന്നുപൊങ്ങുമ്പോൾ കേരള ജനതയാകെ പ്രതീക്ഷയോടെ ഈ സർക്കാരിനെ നോക്കുന്നു. ഇരുട്ടുനിറഞ്ഞ ഒരു ഇരുണ്ട സംസ്ഥാനമല്ല ഞങ്ങൾക്ക് വേണ്ടത് എന്ന് കേരള ജനത ഒന്നിച്ച് ആവശ്യപ്പെടുന്നു. Lady with the Lamp - ഫ്ളോറൻസ് നൈറ്റിംഗേലിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. നമ്മുടെ ചരിത്രം പറയുന്നു. Minister with the Lamp എന്നു ഞാൻ ബഹുമാനപ്പെട്ട ശർമ്മയെ വിശേഷിപ്പിച്ചാൽ ആരെങ്കിലും കുറ്റപ്പെടുത്തുമോ? കേരളത്തെ വെളിച്ചത്തിലേക്ക് നയിക്കുകയാണ്. എന്തിനുവേണ്ടിയാണ് താരിഫ് വർദ്ധനവ്? പ്രതിദിനം രണ്ടു കോടി രൂപ നഷ്ടപ്പെടുത്തിയാൽ വൈദ്യുതി ബോർഡ് രണ്ടു മാസത്തിനുള്ളിൽ നഷ്ടം താങ്ങാനാവാതെ അടച്ചുപൂട്ടും. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം എന്ന് മുദ്രയടിച്ച് മറ്റ് പല സംസ്ഥാനങ്ങളിലേയുംപോലെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി സ്വകാര്യമേഖലയ്ക്ക് വൈദ്യുതി മേഖലയെ എറിഞ്ഞുകൊടുക്കാനാണ് ഈ വാദഗതി മുഴുവൻ മുഴക്കുന്നത്. അതുകൊണ്ട് ഇവിടെ പണം കടം എടുത്തുകൊണ്ട് വൈദ്യുതിമിച്ചമുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റുവാൻവേണ്ടിയുള്ള ധീരമായ കാൽവയ്പാണ് ഈ ഗവൺമെന്റ് നടത്തുന്നത്. ആ കാൽവയ്പിന് എല്ലാവിധ പിന്തുണയും നൽകുന്നു; ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ അഭിപ്രായമാണ് ഇവിടെ നിയമസഭയിൽ വരേണ്ടത്. ഇന്ന് വൈദ്യുതിയേയും വൈദ്യുതിവകുപ്പിനേയും കുറിച്ചുള്ള കേരളത്തിലെ ജനങ്ങളുടെ ചിന്താഗതി എന്താണ്? ഈ കറണ്ട് ചാർജ്ജിന്റെ ബിൽ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുമ്പോൾ ആളുകൾ ഷോക്കടിച്ചതുപോലെ നിൽക്കുകയാണ്. കറണ്ട് ചാർജ്ജിന്റെ ബിൽ കയ്യിൽ കിട്ടിയാൽ ഷോക്കടിച്ചതുപോലുള്ള അനുഭവമാണ് ജനങ്ങൾക്കുള്ളത്. ഇവിടെ വോൾട്ടേജിന്റെ കാര്യം പറഞ്ഞല്ലോ. ശ്രീ. രാജു ഒരു കാര്യം ആലോചിക്കണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ, വോൾട്ടേജ് ഇല്ലാത്തതിന്റെ പേരിലാണ് ലോഡ് ഷെഡിംഗ് പിൻവലിക്കാത്തത് എന്നാണ് മന്ത്രിയുടെ സ്റ്റാന്റ്. ഐക്യജനാധിപത്യ മുന്നണി ഇവിടെ ഭരിച്ചപ്പോൾ, കൊടും വരൾച്ചക്കാലത്ത് രണ്ടോഴ്ചക്കാലത്തേക്ക് അര മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി. ഞാൻ നിങ്ങളോട് ചോദിക്കട്ടെ, ഈ പ്രാവശ്യം പാർലമെന്റ് തെരഞ്ഞെടുപ്പിലേക്ക് പോകുകയല്ലേ? കഴിഞ്ഞ പ്രാവശ്യം അസംബ്ലി തെരഞ്ഞെടുപ്പ് സമയത്ത് നിങ്ങൾ പ്രസംഗിച്ച പ്രസംഗം അവിടെ പ്രസംഗിക്കാമോ? എന്തായിരുന്നു വിഷയം. ഒന്നാമത്തെ വിഷയം ലോഡ്ഷെഡ്ഡിംഗായിരുന്നു. രണ്ടാമത്തെ വിഷയം നിത്യോപയോഗ സാധനങ്ങളുടെ വിലവിവരപ്പട്ടികയായിരുന്നു. അങ്ങനെ കൊടും വരൾച്ചക്കാലത്ത് രണ്ടാഴ്ച ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയ ഐക്യജനാധിപത്യ മുന്നണിയേയും, ശ്രീ. ആന്റണിയേയും പ്രതിക്കൂട്ടിൽ കയറ്റിയ നിങ്ങൾ മൂന്നുവർഷം ഭരിച്ചിട്ടും ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചട്ടില്ല. ഞാൻ വെല്ലുവിളിക്കുന്നു.

<u>ശ്രീ. എം.വി. ജയരാജൻ</u> : സർ, വൈദ്യുതിയുടെ കാര്യത്തിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ നേട്ടങ്ങളെക്കുറിച്ചും ഞങ്ങൾ അവിടെ വിശദീകരിക്കാം. മൈക്കിന്റെ കാൾ അങ്ങ് കൊടുത്താൽ മതി.

<u>ശ്രീ. സി.എഫ്. തോമസ്</u> : ഞാൻ വെല്ലുവിളി സ്വീകരിക്കുന്നു. ചങ്ങനാശ്ശേരി മണ്ഡലത്തിൽ അങ്ങ് വന്നു പ്രസംഗിക്കൂ, ഞാനും പ്രസംഗിക്കാം, ബാലറ്റുപെട്ടി പൊട്ടിക്കുമ്പോൾ ആരെയാണ് കേരളം അംഗീകരിക്കുന്നത് എന്ന് ചങ്ങനാശ്ശേരിയിലെ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുകതന്നെ ചെയ്യും. ആണ്ടുവട്ടം മുഴുവൻ വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി ലോഡ്ഷെഡ്ഡിംഗ് മുന്നോട്ടുകൊണ്ടുപോകുന്ന ഗവൺമെന്റാണിത്. ഇപ്പോഴും ലോഡ്ഷെഡ്ഡിംഗ് ആണ്. സ്ഥിരമായ ലോഡ്ഷെഡ്ഡിംഗ്. ഇത്തരത്തിൽ ജനങ്ങൾക്ക് തുടർച്ചയായി ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഗവൺമെന്റ്, ഈ നിയമസഭയിൽ ഡിമാന്റിന്റെ ചർച്ചാവേളയിൽ പറഞ്ഞതുപോലെ വൈദ്യുതിചാർജ് വർദ്ധനവ് ജനങ്ങളെ ദുരിതത്തിൽ ആഴ്ത്തിയിരിക്കുന്നു. സാധനങ്ങളുടെ വിലക്കയറ്റം കൊണ്ട്, കാർഷിക വിളകളുടെ വിലയിടിവുകൊണ്ട് കേരളം നട്ടംതിരിയുന്നു. സാമ്പത്തികമാന്ദ്യത്തിന്റെ നീർച്ചുഴിയിൽനിന്ന് കേരളം ഉലയുന്നു. ജനങ്ങൾക്ക് താങ്ങാൻ പാടില്ലാത്ത ഈ വൈദ്യുതിചാർജ്ജ് വർദ്ധനവ് പിൻവലിക്കണമെന്ന് ഞങ്ങൾ നിരന്തരം ആവശ്യപ്പെട്ടു. ഈ നിയമസഭാ സമ്മേളനം അവസാനിക്കുന്ന ഇന്നെങ്കിലും ഈ കാര്യത്തിൽ അങ്ങ് മറുപടി പറയുന്ന സമയത്ത് ഇതിന് ഒരു തീരുമാനമറിയിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ വികാരങ്ങളെ മാനിക്കാത്ത ജനങ്ങളെ വിഷമിപ്പിക്കുന്ന വൈദ്യുതി ബോർഡിന്റെ ധൂർത്ത്, കെടുകാര്യസ്ഥത, അതുമൂലമുണ്ടാകുന്ന അധിക ചെലവിനുവേണ്ടി ഒരു വശത്ത് താരിഫ് വർദ്ധന, മറുവശത്ത് കൂടുതൽ വായ്പയെടുക്കുന്ന സമീപനം ഇതിനെ ഞങ്ങൾ അതിശക്തമായി എതിർക്കുന്നു.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ജനറേഷന്റേയും ട്രാൻസ്മിഷന്റേയും ഡിസ്ട്രിബ്യൂഷന്റേയും രംഗത്ത് കൂടുതൽ ഇൻവെസ്റ്റുമെന്റ് വേണമെന്നുള്ളതുകൊണ്ടുതന്നെ വൈദ്യുതി ബോർഡിന് കടം വാങ്ങുന്നതിനുള്ള നിയമപരമായ പരിധി വർദ്ധി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കേണ്ടത് ഒരു ആവശ്യമായിരിക്കുന്നു. ആ രംഗത്ത് ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ രാഷ്ട്രീയതിമിരം ബാധിച്ച യു.ഡി.എഫ്. കാണാതിരിക്കുന്നതിൽ അതിശയിക്കേണ്ടുന്ന കാര്യമില്ല. ജനറേഷന്റെ രംഗത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയോ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു! ഈ മൂന്നു വർഷംകൊണ്ട് 587 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞു. 1991-മുതൽ 1996-വരെ അധികാരത്തിൽ ഇരുന്നവരാണ് അപ്പുറത്തിരിക്കുന്നവർ അവർ അഞ്ചുവർഷംകൊണ്ട് 17 മെഗാവാട്ട് വൈദ്യുതി മാത്രമാണ് അധികമായി ഉൽപ്പാദിപ്പിച്ചത്. ആ സ്ഥാനത്താണ് മൂന്നുവർഷം കൊണ്ട് 587 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം നടത്തിക്കൊണ്ട് ഈ ഗവൺമെന്റ് റിക്കാർഡ് സൃഷ്ടിച്ചിരിക്കുന്നത്. രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതിയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തുക എന്ന ലക്ഷ്യത്തിൽ എത്താൻവേണ്ടി ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളെ നിങ്ങൾ അനുമോദിക്കുകയാണ് വേണ്ടത്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ഒരു കഴഞ്ചു വൈദ്യുതി പോലും അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത അന്നത്തെ ഗവൺമെന്റിന്റെ പ്രതിനിധികൾ സ്വാഭാവികമായിട്ടും ഈ മൂന്നുവർഷത്തെ നേട്ടം കണ്ടില്ലായെന്ന് നടിക്കുന്നത് രാഷ്ട്രീയതിമിരം ബാധിച്ചതുകൊണ്ടു മാത്രമാണ്. ഇവിടെ ശ്രീ. സി.എഫ്. തോമസ് സംസാരിക്കുമ്പോൾ ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കാത്തതിനെക്കുറിച്ച് പറഞ്ഞല്ലോ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴത്തെ സ്ഥിതിയെന്തായിരുന്നു? പൂർണ്ണമായിട്ടും പവർകട്ട്, ഇൻഡസ്ട്രിയൽ ആവശ്യങ്ങൾക്ക് പവർകട്ട്, ഗാർഹികാവശ്യങ്ങൾക്ക് പവർകട്ട്. അതുകൂടാതെ ലോഡ്ഷെഡ്ഡിംഗ്. ഈ മൂന്നു വർഷംകൊണ്ട് വൈദ്യുതി ഉൽപ്പാദനരംഗത്ത് മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞതുകൊണ്ടാണ് വ്യാവസായികാവശ്യത്തിനുള്ള പവർകട്ട് പൂർണ്ണമായിട്ടും പിൻവലിക്കാൻ കഴിഞ്ഞത്. ശ്രീ. സി.എഫ്. തോമസ് അത് അംഗീകരിക്കുന്നില്ലേ? വ്യാവസായികാവശ്യത്തിനുള്ള പവർകട്ട് പൂർണ്ണമായും പിൻവലിച്ചു. രണ്ടാമത്തെ പടിയായി പവർകട്ട് പൂർണ്ണമായിട്ടും പിൻവലിച്ചു. പിന്നെ ലോഡ്ഷെഡിംഗ് നിലനിന്നു. ശ്രീ. ജോണി നെല്ലൂർ ശനിയും ഞായറും വീട്ടിലില്ലേ? നാട്ടിലില്ലേ? അവധി ദിവസങ്ങളിൽ (ശനി, ഞായർ) പൂർണ്ണമായി ലോഡ്ഷെഡിംഗ് ഒഴിവാക്കിയില്ലേ? വ്യാവസായികാവശ്യങ്ങൾക്കുള്ള കട്ട് ആദ്യം പിൻവലിച്ചു. രണ്ടാമത് പൂർണ്ണമായിട്ടും പവർകട്ട് പിൻവലിച്ചു, പിന്നീട് ഒഴിവുദിവസങ്ങളിൽ ലോഡ്ഷെഡിംഗ് ഒഴിവാക്കി. അഞ്ച് ദിവസങ്ങളിൽ വോൾട്ടേജ് നല്ലതുപോലെ കിട്ടണമെന്നുള്ളതുകൊണ്ടുതന്നെ ലോഡ്ഷെഡ്ഡിംഗ് തുടരുന്നു. അഞ്ചു ദിവസമല്ലേ ലോഡ്ഷെഡ്ഡിംഗ് ഉള്ളൂ. 1996-ലെ കാര്യം നിങ്ങൾ ആലോചിക്കുക, അപ്പോൾ നിങ്ങൾക്ക് അതിന്റെ വ്യത്യാസം മനസ്സിലാകും. ഇപ്പോൾ കക്കാട് ജലവൈദ്യുത പദ്ധതി പൂർത്തിയാകുന്നു, അതിന്റെ ഉൽപ്പാദനം തുടങ്ങി, അൻപത് മെഗാവാട്ട് ആണ്. ഉൽപ്പാദനരംഗത്തും ജനറേഷൻ രംഗത്തും മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചുകൊണ്ടുള്ള ലക്ഷ്യത്തോടുകൂടി ഗവൺമെന്റും ഇലക്ട്രിസിറ്റിബോർഡും മുന്നോട്ടുപോകുന്നു എന്ന് പറയാനാണ് ഞാൻ ഇതു പറഞ്ഞത്. ട്രാൻസ്മിഷന്റെ രംഗത്ത് ഇനിയും കൂടുതലായി ഇൻവെസ്റ്റുമെന്റ് വേണ്ടിവരും; നല്ലതുപോലെ പണം മുടക്കേണ്ടതായിട്ടുണ്ട്. ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി മുഴുവൻ വിതരണം ചെയ്യാൻ കഴിയുന്നില്ല എന്തുകൊണ്ട്? ട്രാൻസ്മിഷൻ ലോസ് ഉണ്ടാകുന്നതുകൊണ്ടാണ് അത്. ആ രംഗത്തും ഈ ഗവൺമെന്റ് ഒരു ലക്ഷ്യത്തോടുകൂടിയല്ലേ നീങ്ങുന്നത്? ഇപ്പോൾത്തന്നെ 22 സബ്സ്റ്റേഷനുകൾ ഈ മൂന്നുവർഷം കൊണ്ട് പൂർത്തിയാ

LIBRARY ARCHIVES Kerala Legislative Assembly

ക്കി. ഇനി അൻപത്തിയഞ്ച് സബ്സ്റ്റേഷനുകൾ ഉടൻതന്നെ പൂർത്തിയാക്കാൻ പോകുന്നു. കൂടുതൽ സബ്സ്റ്റേഷനുകൾ നമ്മുടെ നാട്ടിൽ ഉണ്ടാകണം. 220 കെ.വി. യുടേയും 400 കെ.വി. യുടേയും കൂടുതൽ സബ്സ്റ്റേഷനുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായാൽ ട്രാൻസ്മിഷൻ ലോസ് പൂർണ്ണമായി ഒഴിവാക്കാൻ കഴിയും. അതിന് ശാസ്ത്രീയമായ ഒരു സമീപനം കൈക്കൊള്ളണം. ട്രാൻസ്മിഷൻ ലോസ് ഒഴിവാക്കുന്നതോടുകൂടിത്തന്നെ കേരളത്തിൽ വൈദ്യുതി വിതരണരംഗത്ത് കാര്യമായ മാറ്റം വരുത്താൻ കഴിയും. വൈദ്യുതി വിതരണരംഗത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി കൂടുതൽ ലോടെൻഷൻ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാവശ്യമായ തീരുമാനമെടുക്കണമെന്നുകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സന്ദർത്തിൽ അഭ്യർത്ഥിക്കുന്നു. ഇവിടെ ഒരു പ്രശ്നമുണ്ട്. മെറ്റീരിയൽസ് ഇല്ല. ലോക്കൽ അഡ്വൈസറി കമ്മിറ്റി കൂടുമ്പോഴായാലും ശരി കഴിഞ്ഞ നിയമസഭയിൽ ചോദ്യോത്തരസമയത്ത് പോസ്റ്റിന്റേയും മറ്റ് മെറ്റീരിയൽസിന്റേയും കുറവിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയണം. ഇന്ന് സ്റ്റാറ്റ്യൂട്ടറിയായി പ്ലാന്റേഷൻരംഗം ഉൾപ്പെടെയുള്ള തോട്ടം മേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിന് ഒരു തടസ്സമായി പറയുന്നത് മെറ്റീരിയൽസിന്റെ അഭാവമാണ്. ഡിസ്ട്രിബ്യൂഷൻ രംഗത്ത് ആവശ്യമായ ഇൻവെസ്റ്റ്മെന്റ് നടത്തിക്കൊണ്ടുതന്നെ മെറ്റീരിയൽസ് ലഭ്യമാക്കാനും സമയബന്ധിതമായി പണികൾ പൂർത്തിയാക്കുന്നതിനും ഗവൺമെന്റ് ശ്രദ്ധിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഷോർട്ട് ടേം പ്രോജക്ടുകളും ലോങ്ടേം ഡെവലപ്പ്മെന്റിന് ആവശ്യമായിട്ടുള്ള പ്രോജക്ടുകളും കണ്ടുപിടിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ നമ്മുടെ കൺസ്യൂമേഴ്സിന്റെ എണ്ണം കൂട്ടുകയാണ്. കഴിഞ്ഞ അഞ്ച് വർഷം യു.ഡി.എഫ്. അധികാരത്തിൽ ഇരുന്നപ്പോൾ ഒരു യൂണിറ്റ് വൈദ്യുതിപോലും അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത ആ സന്ദർഭത്തിലും ഇവിടെ കൺസ്യൂമേഴ്സിന്റെ എണ്ണം പെരുകിക്കൊണ്ടിരുന്നു. എത്രമാസം കൺസ്യൂമേഴ്സ് കൂടി? ശ്രീ. ജോയി. അതിൽ സംശയം വേണ്ട. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒൻപത് ലക്ഷം ആളുകൾക്ക് വൈദ്യുതി കൊടുക്കാൻ കഴിഞ്ഞു. കേരളം ഒട്ടാകെയുള്ള കാര്യമാണ് പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നുവർഷം കൊണ്ട് ഒൻപത് ലക്ഷം പുതിയ വൈദ്യുതികണക്ഷൻ കൊടുക്കുന്നതിന് കഴിഞ്ഞു. ബോർഡിന്റെ കടബാദ്ധ്യതകളൊക്കെ കൂടിയിട്ടുണ്ട്. അതിന് ആരാണ് കാരണക്കാർ? അപ്പുറവും ഇപ്പുറവും ഇരുന്ന് പരസ്പരം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കായംകുളം പ്രോജക്ടിന്റെ കാര്യത്തിൽ മൂന്നുരൂപ തൊണ്ണൂറ്റിയാറ് പൈസയ്ക്ക് വൈദ്യുതി കരാർ ഒപ്പിട്ടത് ആരാണ്? യു.ഡി.എഫ്. അല്ലേ? ഞാൻ വെറുതെ തർക്കിക്കുകയല്ല. കേരളത്തിൽ വൈദ്യുതിയുടെ ഉൽപ്പാദനം കൂട്ടണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ലല്ലോ. നിങ്ങൾക്കുമില്ല ഞങ്ങൾക്കുമില്ല, ആർക്കുമില്ല. പക്ഷെ 3 രൂപ 90 പൈസയ്ക്ക് കായംകുളത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവൻ വാങ്ങിച്ചുകൊള്ളാമെന്ന എഗ്രിമെന്റിൽ ഒപ്പിട്ടത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടുരൂപ എഴുപത്തിയഞ്ച് പൈസയായിട്ട് പ്രൊവിഷണലായിട്ടെങ്കിലും അതിന്റെ നിരക്ക് കുറയ്ക്കാനാണ് ശ്രമിച്ചത്. സ്വാഭാവികമായിട്ടും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിക്കേണ്ടിവരുമ്പോൾ ബാദ്ധ്യതകൾ കൂടും. രാമഗുണ്ടത്തിൽനിന്ന് വൈദ്യുതി വാങ്ങിക്കുന്നതുപോലെ ഒരുമിച്ചു പൂൾ ചെയ്ത് വൈദ്യുതിയുടെ നിരക്ക് കുറയ്ക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇത്രയും കടബാദ്ധ്യത വരികയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ആ നടപടിമൂലം ബോർഡിന് കൂടുതൽ ബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നു എന്നുള്ളതാണ് സത്യം. ഇപ്പോൾ കക്കാട്, ആതിരപ്പള്ളി, പൂയംകുട്ടി തുടങ്ങിയ പ്രോജക്ടുകൾ പൂർത്തിയാക്കാൻ പോകുകയാണ്. അതെല്ലാം ഹൈഡൽ പ്രോജക്ടുകളാണ്. കേരളത്തിന് കൂടുതലും യോജിച്ചത് ഹൈഡൽ പ്രോജക്ടുകളാണ്. ഹൈഡൽ പ്രോജക്ടുകളിലേയ്ക്ക് ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും പോകണം. നാഫ്ത ആയാലും ഡീസൽ ആയാലും മറ്റേതെങ്കിലും റാമെറ്റീരിയൽസ് ആയാലും അത് ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതിക്ക് നമുക്ക് കൂടുതലായിട്ടുള്ള റേറ്റ് കൊടുക്കേണ്ടിവരും. ഇവിടുത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ബംഗാളിൽനിന്ന് വൈദ്യുതി വാങ്ങാൻ തീരുമാനിച്ചു. വ്യവസായികൾ അതിനോട് എടുത്ത സമീപനം നമുക്ക് അറിയാം. അത് കൂടുതൽ ബാദ്ധ്യത ഉണ്ടാക്കിവയ്ക്കാനേ സഹായിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ വൈദ്യുതി വാങ്ങുംപോൾ അതിന് വ്യക്തമായ എഗ്രിമെന്റ് ഉണ്ടാക്കണം. അതിനുള്ള ബാദ്ധ്യത ആർക്കാണോ, ആ വിലയ്ക്കുള്ള വൈദ്യുതി ആവശ്യമായിട്ടുള്ളവരുമായി, പ്രധാനമായിട്ടും വ്യവസായികളുമായിട്ട് എഗ്രിമെന്റ് ഉണ്ടാക്കണം. അങ്ങനെ പോകാൻ കഴിഞ്ഞില്ലായെങ്കിൽ ബോർഡിന് കൂടുതൽ ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരും. അതുകൊണ്ടുതന്നെ ഹൈഡൽ പ്രോജക്ടുകളിലേയ്ക്ക് തിരിയാൻ-കാനഡയുടേതായാലും മറ്റേതെങ്കിലും വിദേശ രാജ്യത്തിന്റെ സഹായം ആയാലും ശരി, ആ സഹായങ്ങൾ സ്വീകരിക്കുന്നതിനേക്കാൾ ഉപരിയായി നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിലെ എൻജിനീയേഴ്സ് വളരെ പ്രഗൽഭൻമാരാണ്. അന്തർദേശീയ നിലവാരത്തിൽ അവാർഡുകൾ വാങ്ങിയിട്ടുള്ള ആളുകൾവരെ കെ.എസ്.ഇ.ബി-ൽ എൻജിനീയർമാരായിട്ടുണ്ട്. അതുകൊണ്ടുതന്നെ വിദേശ കമ്പനികളെ പ്രവർത്തനങ്ങൾ ഏൽപ്പിക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. അതുകൊണ്ട് ഹൈഡൽ പ്രോജക്ടുകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ആ പ്രോജക്ടുകൾക്കുവേണ്ടി ജനറേഷന്റെ കാര്യത്തിൽ തിരിയുന്നതിന്, ട്രാൻസ്മിഷൻ ലോസ് ഒഴിവാക്കുന്നതിന്, ആവശ്യമായ നടപടികൾക്ക് കൂടുതൽ ഇൻവെസ്റ്റുമെന്റ് ആവശ്യമാണെന്നുള്ളതുകൊണ്ട്, നിയമപരമായ ഒരു ബാദ്ധ്യത നിർവ്വഹിക്കണമെന്നുള്ളതുകൊണ്ടുതന്നെ, ഈ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് ഞാൻ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u>: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. വൈദ്യുതി ബോർഡിന്റെ ബഡ്ജറ്റ് പരിശോധിക്കുമ്പോൾ, ഇപ്പോൾത്തന്നെ വലിയ കടക്കെണിയിൽ നില്ക്കുന്ന ഒരു സ്ഥാപനമായി അത് മാറിയിരിക്കുകയാണ് എന്നുകാണാം. കഴിഞ്ഞ രണ്ട് വർഷത്തേത് പരിശോധിച്ചാൽ നാല് പ്രാവശ്യമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, ഇപ്പോൾ മൂവായിരം കോടി രൂപയുംകൂടി കടമെടുക്കാമെന്നുള്ള പ്രമേയം അങ്ങ് അവതരിപ്പിച്ചു. ഈ പ്രമേയം അംഗീകരിച്ച് കടമെടുത്താൽ ഈവർഷം തന്നെ വീണ്ടും വൈദ്യുതിചാർജ്ജ് വർദ്ധിപ്പിക്കുകയില്ലെന്ന് അങ്ങേയ്ക്ക് ഈ സഭയ്ക്ക് ഉറപ്പ് തരാൻ കഴിയുമോ? അതല്ലേ നമ്മുടെ സ്ഥിതി? 1999-ൽ ഇനി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയില്ലെന്ന് അങ്ങേയ്ക്ക് ഈ സഭയിൽ ഉറപ്പ് നൽകാൻ കഴിയുമോ? കഴിയുകയില്ല. ഇവിടെ മൂവായിരം കോടി രൂപയും കൂടി കടമെടുത്താൽ അത് പാവപ്പെട്ട ജനങ്ങളല്ലേ തിരിച്ചടയ്ക്കേണ്ടത്? പാവപ്പെട്ട ഉപഭോക്താക്കളുടെമേൽ വീണ്ടും വലിയ ഭാരം ചുമത്തും. കടമെടുക്കുമ്പോൾ ഉപഭോക്താവിന്റെ താല്പര്യങ്ങൾ പരിരക്ഷിക്കാൻ ബോർഡിന് കഴിയുമോ? അങ്ങേയ്ക്ക് കഴിയുമോ? കഴിയുക

LIBRARY ARCHIVES Kerala Legislative Assembly

യില്ല. ഇവിടെ ശ്രീ. പ്രകാശ് ബാബു സംസാരിച്ചപ്പോൾ പറഞ്ഞു ഇവിടെ ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഇല്ലെന്ന്. അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഇന്ന് വ്യാപകമല്ലേ? അങ്ങേയ്ക്ക് അറിയാമല്ലോ. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ പേരിൽ വ്യവസായസ്ഥാപനങ്ങൾ ഒന്നൊന്നായി പൂട്ടുന്നു. 27 സ്ഥാപനങ്ങൾ പൂട്ടാൻ നോട്ടീസ് കൊടുത്തിരിക്കുന്നു. എന്നിട്ട് ഏതാണ്, ഏതാണ് എന്ന് അപ്പുറത്തിരിക്കുന്നവർ ചോദിക്കുന്നു. നിങ്ങൾ ഈ ലോകത്തല്ലേ ജീവിക്കുന്നത്? 27 സ്ഥാപനങ്ങൾ പൂട്ടാൻ നോട്ടീസ് കൊടുത്തു. വൈദ്യുതിചാർജ്ജ് വർദ്ധന ഒരുവശത്ത് നിൽക്കുമ്പോൾ വൈദ്യുതി ബോർഡിനെ വീണ്ടും വലിയൊരു കടക്കെണിയിലേക്ക് നയിക്കാനുള്ള ഒരു നീക്കമാണ് ഈ പ്രമേയത്തിന്റെ മറവിലുള്ളത്.

ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നിങ്ങൾ കടമെടുക്കുന്നു. ജനങ്ങളോട് നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ, ഉപഭോക്താക്കട് താല്പര്യമുണ്ടെങ്കിൽ ഗവൺമെന്റ് ചെയ്യേണ്ടത് സബ്സിഡി കൊടുക്കണം, ഗ്രാന്റ് കൊടുക്കണം, ഈ പണം ഗവൺമെന്റ് കൊടുക്കട്ടെ എന്നിട്ട് വൈദ്യുതിചാർജ് വർദ്ധിപ്പിക്കാതെ ജനങ്ങളിൽനിന്ന് കൂടുതൽ ചാർജ്ജ് ഈടാക്കുകയില്ലെന്ന് പറഞ്ഞുകൊണ്ട് സബ്സിഡി കൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഇല്ലല്ലോ. അപ്പോൾ കടം കൂടുതൽ വാങ്ങിയാലും അത് ജനങ്ങളുടെ തലയിലാണ് വന്നുവീഴുന്നത്. ഒരു പൊതുമേഖലലാസ്ഥാപനത്തെ വീണ്ടും ഒരു വലിയ കടക്കെണിയിലേക്ക് കൊണ്ടുപോകാനുള്ള ഒരു പ്രമേയമായിട്ടേ എനിക്ക് ഇതിനെ കാണാൻ കഴിയുന്നുള്ളൂ. അതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നത്. ഈ സംസ്ഥാനത്തെ ഉപഭോക്താക്കൾ ഇന്ന് എല്ലാ അർത്ഥത്തിലും നട്ടംതിരിയുകയാണ്. അപ്പോൾ വീണ്ടും കുറെ കൂടി കടം വലിച്ചുവച്ചാൽ ഉപഭോക്താവിന്റെ സ്ഥിതിയെന്താകും? ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അക്കാര്യം വ്യക്തമാക്കണം. കടം എടുത്താൽ ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളെല്ലാം ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമോ? ഉപഭോക്താവിന്റെ താല്പര്യം സംരക്ഷിക്കാൻ കഴിയുമോ? ഇനി ഈവർഷം യാതൊരു കാരണവശാലും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കാൻ ഈ കടമെടുക്കുന്നതുകൊണ്ട് കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പുപറയാൻ കഴിയുമോ? ഇത്രയും കാര്യങ്ങൾ വ്യക്തമാക്കിയാൽ ഈ പ്രമേയത്തെ അംഗീകരിക്കുന്നതിൽ എനിക്ക് ബുദ്ധിമുട്ടില്ല. ഇത്രയും കാര്യങ്ങൾ വ്യക്തമാക്കാൻ അങ്ങ് തയ്യാറാകുമോ? ഈ പ്രമേയത്തിന്റെ ആശയം ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പ്രകടിപ്പിച്ച രീതിയിലല്ല. ജനങ്ങളെ വീണ്ടും കഷ്ടത്തിലാക്കാൻ: ബോർഡിനെ വീണ്ടും കടക്കെണിയിലേക്ക് തള്ളിവിടാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ആന്റണി രാജു</u> : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട സി. എഫ്. തോമസ് ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞത് വൈദ്യുതിരംഗത്തെ പ്രവർത്തനങ്ങൾ കാണുമ്പോൾ കേരളത്തിലെ ജനങ്ങൾക്കാകെ ഷോക്കടിക്കുന്നതുപോലെ തോന്നുന്നു എന്നാണ്. വൈദ്യുതി രംഗത്തെ കുതിച്ചുചാട്ടം കാണുമ്പോൾ കേരളത്തിലെ ജനങ്ങൾക്കല്ല ഷോക്കടിക്കുന്നത്. ഷോക്കടിക്കുന്ന ഒരുവിഭാഗം ഇവിടെയുണ്ട്, അത് അപ്പുറത്തിരിക്കുന്ന പ്രതിപക്ഷമാണ്. രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടി നീങ്ങുന്ന ഒരു സംസ്ഥാനത്ത് വൈദ്യുതിരംഗത്തെ കുതിച്ചുചാട്ടത്തിന്; മുട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിക്കിടക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പണം ആവശ്യമാണ്. അതിന് ഈ ഗവൺമെന്റ് ഭരിക്കുമ്പോൾ കൂടുതൽ പണം ആവശ്യമായിവരും. കാരണം, ഈ ഗവൺമെന്റ് കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള സ്ഥിതി ഇവിടെ വിവരിച്ചല്ലോ. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മൂന്നര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരിക്കുന്നു. നിയമസഭാ സമ്മേളനകാലത്ത് തിരുവനന്തപുരത്തെ എം.എൽ.എ ക്വാർട്ടേഴ്സിൽ താമസിക്കുന്നവരാണ് നമ്മളെല്ലാം. അന്ന് ഇവിടെ മൂന്നര മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി സംസ്ഥാനത്തെ അന്ധകാരത്തിലേക്ക് തള്ളിവിട്ട ആളുകളാണ് നിങ്ങൾ. ഇന്നത്തെ ഇവിടത്തെ അവസ്ഥയെന്താണ്? ഒരു മിനിറ്റ് പവർകട്ട്പോലും എന്റെ നിയോജകമണ്ഡലത്തിൽ ഇല്ല. നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ അവസ്ഥ എന്തായിരുന്നു? ഞാൻ ചോദിക്കുന്നത് ഇവിടെ മാറ്റം ഉണ്ടോയെന്നുള്ളതാണ്. നിങ്ങൾ ഭരിക്കുമ്പോൾ കോർപ്പറേഷൻ/നഗരസഭാമേഖലകളിൽ ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു എന്നുള്ളത് ഒരു വസ്തുതയല്ലേ? ഇന്ന് അത് എടുത്തുകളയാൻ കഴിഞ്ഞുവെങ്കിൽ അത് ഈ ഭരണത്തിന്റെ നേട്ടമായിട്ട് അംഗീകരിക്കാൻ നിങ്ങൾക്ക് പ്രയാസവും ബുദ്ധിമുട്ടും ഉള്ളത് എന്തുകൊണ്ടാണ്? പ്രതിപക്ഷം ഇതിനെ എതിർക്കുന്നതിൽ അത്ഭുതപ്പെട്ടിട്ട് കാര്യമില്ല. വെളിച്ചത്തെ ഭയപ്പെടുന്നവരാണ് ഇവർ. അന്ധകാരത്തിൽനിന്ന് ഈ സംസ്ഥാനത്തെ വെളിച്ചത്തിലേക്ക് നയിക്കുന്ന ഒരു ഭരണമാണിത്. കഴിഞ്ഞ മൂന്ന് വർഷമായിട്ട് ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളെക്കുറിച്ച് ഇവിടെ വിശദീകരിച്ചു. പണത്തിന്റെ അപര്യാപ്തതമൂലം പദ്ധതി മുടങ്ങുന്നുവെന്ന് നമുക്കെല്ലാം അറിയാം. ഒരു വർഷം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതികൾക്ക് 10 വർഷം സമയം എടുക്കുന്നതുമൂലം ആ പദ്ധതിക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം താങ്ങാൻ കഴിയാത്ത ഒരു സംസ്ഥാനമാണ് കേരളം. നിങ്ങളുടെ ഭരണകാലത്ത് നിങ്ങളുടെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ പറഞ്ഞത് എന്താണ്? കടമെടുക്കാനുള്ള പരിധി ഇതിനേക്കാളും വർദ്ധിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. ജി. കാർത്തികേയൻ ഇവിടെ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയായിരുന്നല്ലോ. നെഞ്ചത്ത് കൈവച്ചുകൊണ്ട് അദ്ദേഹത്തിന് ഈ പ്രമേയത്തെ എതിർക്കാൻ കഴിയുമോ? അദ്ദേഹം ഈ പ്രമേയത്തെ എതിർത്തുകൊണ്ട് സംസാരിക്കില്ല. ശ്രീ ജോണി നെല്ലൂർ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു ചോദ്യം ചോദിച്ചല്ലോ. ഈ പ്രമേയത്തെ അനുകൂലിക്കാം, പക്ഷേ, ഒരു കണ്ടീഷൻ ഉണ്ട്. ഈവർഷം ഇലക്ട്രിസിറ്റിയുടെ ചാർജ്ജ് വർദ്ധിപ്പിക്കുകയില്ലെന്ന് ഉറപ്പ് നൽകാമോയെന്നാണ് അദ്ദേഹം ചോദിച്ചത്. ഈ ഗവൺമെന്റ് ഈ വർഷം ചാർജ് വർദ്ധിപ്പിക്കില്ല. ഈ പ്രമേയത്തെ ശ്രീ. ജോണിനെല്ലൂരിന് പിന്താങ്ങാമോ? വെറുതെ രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി. എന്തിനും രാഷ്ട്രീയം കാണുന്ന, രാഷ്ട്രീയ തിമിരം ബാധിച്ച നിങ്ങൾക്ക് വികസനത്തിന്റെ കാര്യത്തിലെങ്കിലും നേരായ ഒരു സമീപനം സ്വീകരിക്കാൻ കഴിയണ്ടേ? കേരളത്തിലെ വൈദ്യുതി രംഗത്ത് നമ്മൾ മുന്നോട്ട് കുതിച്ചുചാട്ടം നടത്തിയില്ലെങ്കിൽ ഈ സംസ്ഥാനത്തിന്റെ അവസ്ഥയെന്താണ്? എന്തിനും രാഷ്ട്രീയം കാണുന്ന സമീപനം ഉപേക്ഷിച്ച് വികസനത്തിന്റെ കാര്യത്തിലെങ്കിലും നമുക്ക് ഒന്നിക്കണമെന്ന് പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ പുറത്തിറങ്ങി പ്രസംഗിക്കാറുണ്ടല്ലോ. നിങ്ങൾ ആത്മാർത്ഥമായിട്ടാണ് പ്രസംഗിക്കുന്നതെങ്കിൽ ഇത്തരം കാര്യത്തിൽ എന്തിനാണ് രാഷ്ട്രീയകണ്ണുകൊണ്ടു മാത്രം കണ്ടുകൊണ്ട് ഇതിനെ എതിർക്കുന്നത്? എനിക്ക് പറയാനുള്ളത് 100 ശതമാനം പവർകട്ടും മൂന്നരമണിക്കൂർ ലോഡ് ഷെഡ്ഡിംഗും ഉണ്ടായിരുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പവർകട്ട് ഇല്ലാത്ത ദക്ഷിണേന്ത്യയിലെ ഏക സംസ്ഥാന മാക്കി മാറ്റിയ ഒരു മന്ത്രിയാണ് ശ്രീ.എസ്. ശർമ്മ എന്നാണ്. അതുപോലെ തന്നെ ജലവൈദ്യുതപദ്ധതിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ 161 മെഗാവാട്ട് ശേഷിയുള്ള ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് എല്ലാ ക്ലിയ റൻസും നേടിയെടുത്ത് ടെൻഡർ നടപടി ആരംഭിച്ചുകഴിഞ്ഞു. ഇത് പൂർത്തി യാക്കാൻ പണംവേണ്ടേ? ലാന്റ് അക്വയർ ചെയ്ത് കോടിക്കണക്കിനു രൂപ മുട ക്കിയിട്ട് പണത്തിന്റെ അപര്യാപ്തതമൂലം ഓരോവർഷവും 10 കോടിരൂപ വീതം മുടക്കി 100 കൊല്ലം ഒരു പദ്ധതി ഇട്ടേയ്ക്കാൻ കഴിയുമോ? സമയബ ന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനുള്ള ലക്ഷ്യം ഈ ഗവൺമെന്റിനും വൈദ്യുത വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ശ്രീ. ശർമ്മയ്ക്കും ഉള്ളതു കൊണ്ടാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആ ഒരു കാഴ്ച പ്പാടിൽ ഈ പ്രമേയത്തെ കാണണം, നേരത്തെ പറഞ്ഞത് മുഴുവൻ പിൻവ ലിച്ച് ഈ പ്രമേയത്തെ പിന്താങ്ങാൻ പ്രതിപക്ഷംകൂടി സന്മനസ്സ് കാണിക്കണ മെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

[3P.M] <u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ ഈ പ്രമേ യത്തെ പിന്താങ്ങുകയാണ്. വിദ്യുച്ഛക്തിരംഗത്ത് വളരെ ആവേശക രമായ മുന്നേറ്റമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ കടമെടുക്കുന്നതിനെക്കുറിച്ച് പ്രതിപക്ഷ ബഞ്ചുകളിൽനിന്ന് പൊതുവേ എതിർപ്പ് ഉയർന്നുവരികയാണ്. കടമെടുത്താൽ കടക്കെണിയിൽപ്പെടുമെന്നു ള്ളതാണ് അവരുടെ ന്യായവാദം. കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കോൺഗ്രസ് പാർട്ടി നേതൃത്വംകൊടുത്തിട്ടുള്ള കേന്ദ്ര ഗവൺമെന്റുകളാകട്ടെ, എല്ലാക്കാലത്തും കടമെടുത്തുകൊണ്ടാണ് മുന്നോട്ടുപോയിട്ടുള്ളത്. കടമെടുത്ത് ധൂർത്തടിക്കുന്ന സന്ദർഭത്തിലാണ് കട ക്കെണിയിലാകുന്നത്. കടമെടുത്ത് ആ തുക പ്രത്യുല്പാദനപരമായി വിനി യോഗിക്കാൻ തയ്യാറുണ്ടെങ്കിൽ കടക്കെണിയിലാകുന്ന പ്രശ്നമില്ല. എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണമായ അച്ചടക്കം പാലിക്കാൻ കഴിയണമെന്നാണ്. ഈരംഗത്ത് ഇന്ന് വളരെയേറെ ധൂർത്തുണ്ട്. വൈദ്യുതിയുടെ ഉപഭോഗത്തെ ക്കുറിച്ചാണ് ഞാൻ പറയുന്നത്. ഞാൻ വരുന്നത് മൂലമറ്റത്തുനിന്നാണ്. മൂല മറ്റം വൈദ്യുതി ഉൽപാദിപ്പിക്കുന്ന സ്ഥലമാണ്. അവിടെ ഗ്രാമത്തിൽ വൈദ്യു തിയില്ല. പക്ഷേ വിദ്യുച്ഛക്തി വകുപ്പുദ്യോഗസ്ഥൻമാരുടെ കോളനിയിൽ വിളക്ക് അണയാറില്ല. അത്തരത്തിലുള്ള കാഴ്ചപ്പാടുകളുണ്ട്. അവ പരിഹരി ക്കുകതന്നെ വേണം. വൈദ്യുതി ഉൽപ്പാദനത്തിൽ നമുക്ക് വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ കൂടുതൽ പദ്ധതികൾ ഏറ്റെടുക്ക ണം. പ്രത്യേകിച്ച് ചെറുകിട, ഇടത്തരം പദ്ധതികൾക്ക് മുൻതൂക്കം കൊടുക്ക ണം. എന്റെ ജില്ലയിൽത്തന്നെ 257 ചെറുകിട പദ്ധതികൾ ആരംഭിക്കാൻ കഴി യുമെന്നാണ് സർവ്വേ റിപ്പോർട്ട്. അത്തരത്തിലുള്ള പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കാൻ കഴിയണം. അതുപോലെതന്നെ ഇന്ന് പ്രസരണനഷ്ടം ഗണ്യ മായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും അത്യാധുനിക സാങ്കേ തിക വിദ്യ ഉപയോഗിക്കാൻ തയ്യാറായാൽ പ്രസരണനഷ്ടം വീണ്ടും താഴോട്ട് കൊണ്ടുവരാൻ കഴിയും. അതുപോലെ വിതരണത്തിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിക്കാൻ കഴിഞ്ഞാൽ വോൾട്ടേജ് ക്ഷാമം ഉൾപ്പെടെ നമുക്ക് പരിഹരിക്കാൻ കഴിയും. ഇതിനെല്ലാം വേണ്ടത് പണമാണ്. ആ പണം കണ്ടെത്താൻ കഴിയണം. ശ്രീ. ജോണി നെല്ലൂർ പണം കടമെടുക്കുന്നതിനെ ഭയപ്പെടുന്നു. കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ നേതാവ് ശ്രീ. ടി.എം. ജേക്കബ്ബ് ജലസേചനവകുപ്പ് കൈകാര്യം ചെയ്തപ്പോൾ ലോകബാങ്കിൽ നിന്ന് എത്ര കോടി രൂപ കടമെടുത്തു? കടമെടുക്കുന്നതിനോട് എന്തിനാണ് ഇത്ര അലർജി? കടമെടുക്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്നാണ് നോക്കേണ്ടത്. ഇവിടെ വിതരണ രംഗത്ത് കുറെക്കൂടി ഫലപ്രദമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്നുതന്നെയാണ് എന്റെ അഭിപ്രായം. 1994 വരെ അപേക്ഷ സമർപ്പിച്ചിട്ടുള്ള ആളുകൾക്കുമാത്രമാണ് ഇപ്പോൾ വൈദ്യുതി കണക്ഷൻ കൊടുക്കാൻ നമുക്ക് കഴിയുന്നത്. അക്കാര്യത്തിൽ കുറെക്കൂടി മുന്നോട്ടുപോകാൻ കഴിയണം.

മെറ്റീരിയൽ ഷോർട്ടേജ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കൂടുതൽ മെറ്റീരിയൽസ് കണ്ടെത്താൻ കഴിയണം. ആ രംഗത്ത് പ്രത്യുൽപ്പാദനപരമായി പണം വിനിയോഗിക്കാൻ കഴിയണം. ഞാൻ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. കാരണം, കഴിഞ്ഞകാലങ്ങളിൽ നമുക്കാവശ്യമായ മെറ്റീരിയൽസ് കിട്ടിയിരുന്നില്ല, ഇടുക്കി ജില്ലയിൽപ്പോലും ഒരു ഇലക്ട്രിക്കൽ സ്റ്റോർ ഉണ്ടായിരുന്നില്ല. പാലായിലായിരുന്നു ഒരു സ്റ്റോർ ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇടുക്കിയിൽ ഒരു ഇലക്ട്രിക്കൽ സ്റ്റോർ അനുവദിച്ചത്. അതുമൂലമുള്ള പ്രയോജനം ആ പ്രദേശത്തിന് ഉണ്ടായിട്ടുണ്ട്. വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യംപെടുത്തുകയാണ്. നിങ്ങൾ നഗരങ്ങളെപ്പോലെ നാട്ടിൻപുറങ്ങളെ കണ്ടാൽ പോര. നമ്മുടെ നാട്ടിലെ മലയോരങ്ങളിൽ വീടുകൾ വളരെ അകലെയാണ് സ്ഥിതിചെയ്യുന്നത്. ഇവിടെ 100 വീടുകൾ വൈദ്യുതീകരിക്കാനുള്ള മെറ്റീരിയൽസ്കൊണ്ട് ഇടുക്കിയിൽ 10 വീടുകൾപോലും വൈദ്യുതീകരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് വൈദ്യുതി രംഗത്ത് നഗരങ്ങളിൽ കിട്ടുന്നതുപോലുള്ള കോട്ട ഞങ്ങൾക്ക് കിട്ടിയാൽപ്പോരാ. ഞങ്ങളുടെ നാട്ടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത മനസ്സിലാക്കി, വീടുകൾതമ്മിലുള്ള അകലം മനസ്സിലാക്കി മലയോരമേഖലയ്ക്ക് കൂടുതൽ മെറ്റീരിയൽസ് അലോട്ടുചെയ്യണം. പീരുമേട്, ഉടുമ്പൻചോല, ഇടുക്കി തുടങ്ങിയ മേഖലകളിലെ തോട്ടം തൊഴിലാളികളുടെ സ്ഥിതി ദയനീയമാണ്. ഇവിടെ എത്രയോ ഗവൺമെന്റുകൾ മാറിമാറി അധികാരത്തിൽവന്നു. ഇന്നും ആ തോട്ടംതൊഴിലാളികൾ ഇരുട്ടിലാണെന്നുള്ളതാണ് സത്യം. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ഗവൺമെന്റ് പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കണം. ഈ ഗവൺമെന്റിനെ അധികാരത്തിൽ എത്തിച്ചതിൽ, ഈ മുന്നണിയെ വിജയിപ്പിച്ചതിൽ ഇടുക്കിയിലെ, ഉടുമ്പൻചോലയിലെ, പീരുമേടിലെ തോട്ടംതൊഴിലാളികൾ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് ഈ നാട്ടിലെ പട്ടിണിപ്പാവങ്ങളായ തോട്ടംതൊഴിലാളികളോട് പ്രത്യേകമായ ചായ്വ് കാണിക്കണം, പ്രതിബദ്ധത പുലർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. പീരുമേട്, ഉടുമ്പൻചോല, ഇടുക്കി എന്നിവിടങ്ങളിലെ തോട്ടംതൊഴിലാളികളുടെ വീടുകൾ ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുന്നതിനുമുൻപ് പൂർണ്ണമായി വൈദ്യുതീകരിക്കുമെന്ന് പ്രഖ്യാപിക്കാൻ വകുപ്പുമന്ത്രി തയ്യാറാകണം. ഈ ഗവൺമെന്റ് അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈരംഗത്ത് വളരെ ഫലപ്രദമായി മുന്നോട്ടുപോകുന്ന പ്രവർത്തനങ്ങളാണുള്ളത്. വൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഞങ്ങളുടെ മലനാടിന്റെ ദുഃഖങ്ങൾ അങ്ങയുടെ മനസ്സിലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, പ്രമേയത്തെ അനുകൂലിക്കുന്നു. സർ, രാഷ്ട്രീയ ഇച്ഛാശക്തിയോടെ ഒരു വകുപ്പും അതിന്റെ വികസനവും എങ്ങനെ കൈകാര്യം ചെയ്ത് ജനതയുടെ മുന്നോട്ടേയ്ക്കുള്ള യാത്രയിൽ അവരെ നയിക്കാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കേരളത്തിലെ വൈദ്യുതി വകുപ്പ്. ഒരു സ്ഥാപനം ശരിയായ മാനേജുമെന്റ് രീതിയനുസരിച്ച് വികസിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ, അതിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുമ്പോൾ കടം വാങ്ങുകയെന്നുള്ളത് ഇന്നത്തെ ലോകപശ്ചാത്തലത്തിൽ അനിവാര്യമായിട്ടുള്ള ഒന്നാണ്. കടം വാങ്ങാനുള്ള പരിധി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നത് ഈ അടിസ്ഥാനത്തിലാണ്. പ്രധാനമായും കടം വാങ്ങുന്നത് എന്തിനുവേണ്ടിയാണെന്നാണ് പരിശോധിക്കേണ്ടത്. കടം വാങ്ങുന്നത് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ഇലക്ട്രിസിറ്റി ബോർഡിനു ധൂർത്തടിക്കാൻ വേണ്ടിയല്ല. നമ്മുടെ പ്രവർത്തനമേഖല വ്യാപിപ്പിക്കാനും വികസിപ്പിക്കാനും വേണ്ടിയാണ്. അതുപോലെതന്നെ വാങ്ങിയിട്ടുള്ള കടമുൾപ്പെടെ തിരിച്ചടയ്ക്കാനുള്ള കെൽപ്പ് നേടുന്നതിനുംവേണ്ടിയാണ് ഇത്. കടക്കെണിയെപ്പറ്റി ഇവിടെ ചില പ്രതിപക്ഷനേതാക്കൻമാർ പ്രസംഗിക്കുന്നത് കേട്ടു. കടക്കെണിയിൽപ്പെട്ട ഒരു സ്ഥാപനമല്ല കെ. എസ്. ഇ. ബി. എന്ന് ഇന്നത്തെ അതിന്റെ പ്രവർത്തനം മനസ്സിലാക്കുന്ന എല്ലാവർക്കും വ്യക്തതയുള്ളതാണ്. കടം തിരിച്ചടച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ആദ്യം ചൂണ്ടിക്കാണിച്ചതുപോലെ കടം തിരിച്ചടയ്ക്കുന്നതിനുള്ള കെൽപ്പ് വർദ്ധിപ്പിക്കാൻ വേണ്ടികൂടിയാണ് ഇപ്പോൾ ഈ കടം അധികമായിട്ട് വർദ്ധിപ്പിച്ചു വാങ്ങുന്നതിനുവേണ്ടിയുള്ള അവകാശം, അധികാരം തേടുന്നതിനായി ഈ പ്രമേയവുമായി ഈ ഗവൺമെന്റ് ഇവിടെ എത്തിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരാശാപംപോലെ കേരളത്തിന്റെ മനുഷ്യമനസ്സിലുണ്ടായിരുന്നത് ഇലക്ട്രിസിറ്റിയുടെ പ്രശ്നമായിരുന്നു. ആ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ഇടതുപക്ഷജനാധിപത്യ മുന്നണി പ്രവർത്തകരായ ഞങ്ങളൊക്കെ നാട്ടിൽ പ്രസംഗിച്ചാൽ ആ പ്രസംഗം കഴിഞ്ഞു തിരിച്ചുവരുമ്പോൾ ഞങ്ങളോട് സ്വകാര്യത്തിൽ ആളുകൾ ചോദിക്കാറുണ്ടായിരുന്നു. ഞങ്ങൾ പറഞ്ഞത് പ്രാവർത്തികമാകുമോയെന്ന്. എന്നുപറഞ്ഞാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ വക്താക്കൾ എന്നുള്ള രീതിയിൽ അല്ല, പൊതുപ്രവർത്തകർ എന്ന രീതിയിൽ പൂർണ്ണമായിട്ട് ആവശ്യമുള്ളത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമായി ഈ സംസ്ഥാനത്തെ മാറ്റുമെന്നു പറഞ്ഞാൽ നമ്മുടെ നാട്ടിലെ ആളുകൾക്ക് ഉണ്ടായിരുന്ന സംശയം ഇത് പ്രാവർത്തികമാകുമോ എന്നായിരുന്നു. ഇന്ന് നിങ്ങളുടെ ചർച്ച കേട്ടപ്പോൾ വളരെ വ്യക്തമായിട്ട് മനസ്സിലായി, ഇത് പ്രാവർത്തികമാകുന്നതിന്റെ വെപ്രാളമാണ് നിങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നതെന്ന്. കേരളം സമീപകാലത്തൊന്നും വൈദ്യുതിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുമെന്ന് കോൺഗ്രസ്സോ യു.ഡി.എഫ് ഓ കരുതിയിരുന്നില്ല, അതിന് പിൻതുണ കൊടുത്ത ജനങ്ങളും കരുതിയിരുന്നില്ല. എന്തിന്, ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ട് നിൽക്കുന്നവർതന്നെ ഇതുപോലുള്ള ഒരു മൗലികമായ മാറ്റം ഇലക്ട്രിസിറ്റിമേഖലയിലുണ്ടാകുമെന്ന് ആദ്യം പറഞ്ഞത് വിശ്വസിച്ചിരുന്നില്ല. എന്നാൽ വളരെ വ്യക്തതയോടുകൂടി ഇന്ന് ഞങ്ങൾക്ക് പറയാൻ കഴിയും, അടുത്ത ഇലക്ഷന്റെ പൊതുയോഗ പ്രസംഗങ്ങളിൽ ഞങ്ങൾക്ക് വ്യക്തമാക്കാൻ കഴിയും, കേരളത്തിൽ ഇടതുപക്ഷപ്രസ്ഥാനം ചൂണ്ടിക്കാണിച്ചതുപോലെ ഈ നൂറ്റാണ്ട് അവസാനിക്കുമ്പോൾ, അടുത്ത നൂറ്റാണ്ടിലേയ്ക്ക് കടക്കുമ്പോൾ ഇൻഡ്യയിലെ മറ്റേത്

സംസ്ഥാനത്തേക്കാളുപരിയായി വൈദ്യുതികാര്യത്തിൽ കേരളം ഒരു മിച്ച സംസ്ഥാനമാകുമെന്ന്. ഈ സംസ്ഥാനം വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാണെന്ന് അഭിമാനത്തോടുകൂടി പറയാവുന്ന ഒരു അവസ്ഥ ഈ മൂന്നുകൊല്ലംകൊണ്ട് ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. രണ്ടുകൊല്ലം കൂടി കഴിയുമ്പോൾ അത് പൂർണ്ണമായ അർത്ഥത്തിൽ ജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ നടപ്പിലാക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ടി.കെ. നൗഷാദ്</u> : മലയാള മനോരമപത്രംതന്നെ മൂന്നാം വാർഷികത്തിൽ എഴുതിയ എഡിറ്റോറിയലിൽ ഇടതുപക്ഷ മുന്നണിയുടെ വലിയ നേട്ടമായി ചൂണ്ടിക്കാണിച്ചത് ഇലക്ട്രിസിറ്റിരംഗത്തുള്ള വലിയ നേട്ടമാണെന്ന് അങ്ങു പത്രത്തിൽ വായിച്ചില്ലേ.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : അതുതന്നെയാണ് യു.ഡി.എഫിന്റെ വെപ്രാളം. മലയാള മനോരമയാണ് യു.ഡി.എഫിന്റെ രാഷ്ട്രീയ ഗുരു. ശ്രീ. എ.കെ. ആന്റണി ഇന്നു പറയുന്നത് നാളെ മലയാള മനോരമയിൽ വരും. മലയാള മനോരമ ഇന്നു പറയുന്നത് നാളെ ശ്രീ. എ.കെ. ആന്റണി ഉൾപ്പെടെയുള്ളവർ ഇവിടെ പ്രസംഗിക്കുകയാണ്. അതാണ് കേരളരാഷ്ട്രീയത്തിൽ മലയാള മനോരമയുടെ രാഷ്ട്രീയ പ്രതിബദ്ധത. അതു ജനങ്ങളോടുള്ള പ്രതിബദ്ധതയല്ല, അതു നിങ്ങളുടെ വർഗ്ഗത്തോടുള്ള പ്രതിബദ്ധതയാണ്. 'മലയാള മനോരമ' പോലും മൂന്നാംവാർഷികത്തിന്റെ ഭാഗമായി പറഞ്ഞിട്ടുള്ളത് ഊർജ്ജ മേഖലയിലെ വളർച്ചയെപ്പറ്റിയാണ്. അതു ഈ രാജ്യത്തെ ജനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. അതു കാണാനും സഹിക്കാനും വിഷമമുള്ള വിഭാഗമാണ് യു.ഡി.എഫ്.-ന്റെ നേതാക്കൻമാർ. ആ രീതിയിൽ അപ്പുറത്തിരിക്കുന്ന നേതാക്കൻമാർ, ശ്രീ. തിരുവഞ്ചൂരിനെപ്പോലെയുള്ളവർ എന്തെങ്കിലും കുഴപ്പമുണ്ടാക്കാമോ എന്നാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതൊന്നും നടക്കാൻ പോകുന്നില്ല. അവസാനം കേളികൊട്ടുപോലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗിക്കും. ഈ ഗവൺമെന്റ് ഇലക്ട്രിസിറ്റി മേഖല കൈകാര്യം ചെയ്തിട്ടുള്ളതിനെപ്പറ്റി കേരളത്തിലെ കൃഷിക്കാർ ഉൾപ്പെടെയുള്ള എല്ലാ ആളുകൾക്കും കോൺഗ്രസ്സുകാർക്കും നല്ല അഭിപ്രായമാണുള്ളതെന്നുള്ളത് വസ്തുതയാണ്. എല്ലാത്തിനും വലിയ ചാർജ്ജാണെന്ന് ഇവിടെ ചില നേതാക്കൻമാർ പറഞ്ഞു. ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ, ഏറ്റവും ചുരുങ്ങിയ താരിഫ് നിരക്കിൽ വൈദ്യുതി നൽകുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം എന്നുള്ളത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? താരിഫ് തീരുമാനിക്കുന്നതിൽ വർഗ്ഗപരമായ നിലപാട് ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട് എന്നുകൂടി നിങ്ങൾ മനസ്സിലാക്കുന്നതു നല്ലതാണ്. ഇവിടെ ഓരോ സ്ലാബിനും പ്രത്യേകം ചാർജ്ജ് പറഞ്ഞിട്ടുണ്ട്. പാവപ്പെട്ട ആളുകൾ ഉപയോഗിക്കുന്ന വൈദ്യുതിക്കും കുറഞ്ഞ വർദ്ധനവുമാത്രമേയുള്ളൂ. ഗാർഹികാവശ്യത്തിനു പാവപ്പെട്ട ആളുകൾ ഉപയോഗിക്കുന്ന 100 യൂണിറ്റുവരെയുള്ള വൈദ്യുതിക്ക് വലിയ വർദ്ധനവില്ല. അതിനപ്പുറം കടന്നുവരുന്നതാണ് നിങ്ങളുടെ പ്രശ്നം. ഞങ്ങളുടെ പ്രശ്നം വർഗ്ഗപരമായ നിലപാടാണ്. പാവപ്പെട്ട മനുഷ്യരെ സഹായിക്കാനുള്ളനിലപാടാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധനവുമായി ബന്ധപ്പെടുത്തി ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞല്ലോ. ചെറുകിട വ്യാപാര വ്യവസായസ്ഥാപനങ്ങൾക്കു വർദ്ധിപ്പിച്ച ചാർജ്ജ് കുറയ്ക്കാനുള്ള നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ആ നിലപാട് സ്വീകരിക്കുന്ന മന്ത്രിയാണ് വൈദ്യുതിവകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. എസ്. ശർമ്മ. മൂവായിരം കോടി രൂപ കടം വാങ്ങുന്നതിന്റെ പരിധി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കണമെന്ന് പറയുന്നതിനെ ഞാൻ അംഗീകരിക്കുന്നത് കടം വീട്ടാനുള്ള പണമില്ല എന്നുള്ളതുകൊണ്ടാണ്. 4350 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികളാണ് കടം വാങ്ങുന്ന പണം കൊണ്ട് നടത്താനുദ്ദേശിക്കുന്നത്. 9-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി ശരിയായ രീതിയിൽ എങ്ങനെയാണ് ഓരോ പദ്ധതിയും കൈകാര്യം ചെയ്യേണ്ടത് എന്ന് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഊർജ്ജ പ്രസരണ നഷ്ടം നികത്തലാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 22 ശതമാനമായിരുന്ന പ്രസരണനഷ്ടം 17.87 ശതമാനമായി കുറഞ്ഞു. രണ്ടായിരാമാണ്ടിൽ അതു 17 ശതമാനമായി കുറയ്ക്കാൻവേണ്ടിയാണ് 150-ഓളം സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. 110 കെ.വി, 66 കെ.വി., 33 കെ.വി സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാണ് 1479.03 കോടി രൂപ കടമെടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻവേണ്ടി 692.08 കോടി രൂപ മാറ്റിവയ്ക്കുന്നു. തെർമൽ പ്ലാന്റ്, ബ്രഹ്മപുരം, കൊച്ചിൻ റിഫൈനറി തുടങ്ങിയവയ്ക്കായി 490 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. എന്നുപറഞ്ഞാൽ 1182. ആഗ്മെന്റേഷൻ ഡൈവർസിഫിക്കേഷൻ സ്കീമിനായി 104.44 കോടി രൂപ മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻഭാഗത്ത് 770 കോടി രൂപയും സിസ്റ്റം ഇംപ്രൂവ്മെൻറിന്റെ ഭാഗമായി 190 കോടി രൂപയും മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിന് 539 കോടി രൂപ മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാംകൂടി 4380 കോടി രൂപ. മൂവായിരം കോടി രൂപ കടമെടുക്കുന്നതിനു തീരുമാനിക്കുന്നത് വെറുതെയല്ല, സ്കീമില്ലാത്തതുകൊണ്ടല്ല. 4350 കോടി രൂപ ഈ മേഖലയിൽ ചെലവഴിക്കുക എന്നുള്ളത് ഒരു സർവ്വകാല റിക്കോർഡാണ്. വൈദ്യുതിരംഗത്ത് പ്രസരണ നഷ്ടം നികത്തുന്നതിന്റെ ഭാഗമായി ഇന്റേണൽ റിസോഴ്സസിന്റെ ഭാഗമായി 350.06 കോടി രൂപ, ഗവൺമെന്റിന്റെ ലോൺ 735.57 കോടി രൂപ, അതുപോലെ ഫിനാൻഷ്യൽ സ്ഥാപനങ്ങളിൽ നിന്നായി 3294.43 കോടി രൂപ. ഇങ്ങനെ 4350 കോടി രൂപയാണ് സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതെല്ലാം നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന്, ഒരു വ്യവസായശൃംഖല സൃഷ്ടിക്കുന്നതിനുവേണ്ടി കേരളത്തിൽ 220 കെ.വി. സബ്സ്റ്റേഷൻ ഉൾപ്പെടെ ഒരറ്റം മുതൽ മറ്റേയറ്റംവരെയുള്ള വികസന പ്രവർത്തനങ്ങളെ ഒറ്റക്കെട്ടായി മുന്നോട്ടു നയിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി ആവശ്യമായ ഫണ്ട് സ്വരൂപിക്കുക എന്നുള്ള ഉദ്ദേശത്തോടെ ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. എതിർക്കാനുള്ള കാരണം ശ്രീ. പ്രകാശ് ബാബു ഇവിടെ സൂചിപ്പിച്ചു. ഈ ഗവൺമെന്റിന്റെ സമീപനം എന്ത്, ബോർഡിന്റെ സമീപനം എന്ത് എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇവരുടെ സമീപനം കടം വാങ്ങുക എന്നുള്ളതുതന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് രണ്ടായിരാമാണ്ടിൽ ഇരുപതിനായിരം കോടി രൂപയുടെ കടക്കെണി ഈ സർക്കാർ വരുത്തുകയാണ്. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിൽ മൂവായിരം കോടി രൂപ കടമെടുക്കുന്നതിനുള്ള അഭ്യർത്ഥനയാണുള്ളത്. രണ്ടായിരത്തിഒന്നാമാണ്ടുവരെ നിങ്ങൾ കേരള സംസ്ഥാനം ഭരിക്കുന്ന സാഹചര്യമുണ്ടാവുകയാണെങ്കിൽ ഈ സംസ്ഥാനം കടത്തിൽ മുങ്ങി മരിക്കുന്ന സാഹചര്യമുണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ തെറ്റായ കണക്കുകൂട്ടലുകളാണ് ഇവിടെ ശ്രീ. ഗോവിന്ദൻ മാസ്റ്റർ സംസാരിച്ചപ്പോൾ പറഞ്ഞത്. അത് യഥാർത്ഥ കണക്കുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

റിക്കാർഡുകൾക്കും വിരുദ്ധമാണ്. ഇവിടെ 10.2.99-ൽ കോർപ്പറേറ്റ് പ്ലാനിംഗിന്റെ ചീഫ് എഞ്ചിനീയർ ആർ. കെ. ഗുജ്റാൾ (മെമ്പർ സെക്രട്ടറി) സെൻട്രൽ ഇലക്ട്രിസിറ്റി ബോർഡിനു അയച്ച ഒരു കത്തിന്റെ കോപ്പിയുണ്ട്. അങ്ങേക്ക് കിട്ടിയോ എന്ന് എനിക്കറിയില്ല. അങ്ങയുടെ ഫയലിൽ കാണുമായിരിക്കും. എനിക്ക് അതിന്റെ കോപ്പി സുലഭമായി കിട്ടി. അതിനകത്തു പറഞ്ഞിട്ടുള്ളതനുസരിച്ച് നമ്മുടേത് തെറ്റായ പ്ലാനിംഗ് ആണെന്നുള്ളതിനു അവസാനത്തെ ഭാഗം മാത്രം ഞാൻ വായിക്കാം. The peak demand record was only 1918.4 MW on 17.1.1999, while the figure furnished is 2884 MW which is..... അതാണ് നമ്മുടെ പ്ലാനിംഗ് എന്നുപറയുന്നത്. ഇങ്ങനെയൊരു പ്ലാനിംഗ് ഉണ്ടോ? സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി ബോധപൂർവ്വം കള്ളത്തരങ്ങളിലൂടെ ഉണ്ടാക്കിയ രേഖയാണെന്നു തെളിയുന്നു. അങ്ങേയ്ക്ക് ആവശ്യമുണ്ടെങ്കിൽ ഞാൻ ഈ രേഖ മേശപ്പുറത്തുവയ്ക്കാം. ഈ രേഖയുടെ ഉത്തരവാദി ആരാണെന്നു അങ്ങ് പരിശോധിക്കണം. അതിന് അങ്ങ് സൻമനസ്സു കാണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ആവശ്യമായ വൈദ്യുതിയുടെ കണക്കുപോലും കെ.എസ്.ഇ.ബി. യുടെ കയ്യിൽ ഇല്ല. നിങ്ങളുടെ കൈയ്യിൽ അതിന്റെ ശരിയായ കണക്കുകളൊന്നുമില്ല. ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഇൻഡ്യയിൽ വൈദ്യുതിക്ക് ഏറ്റവും ചുരുങ്ങിയ നിരക്ക് ഈടാക്കുന്നത് കേരളത്തിലാണെന്നാണ്. ഇത് എന്താണെന്നറിയാമോ? വി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്നു പറഞ്ഞാൽ പ്രസ് അറിയാമല്ലോ. റിപ്പോർട്ടിംഗിനുള്ള കുറിപ്പാണ്. ആരുടെ? കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്). കേരള സംസ്ഥാന കമ്മിറ്റി, നിങ്ങളുടെ റിപ്പോർട്ടിംഗിനുവേണ്ടിയുള്ള കുറിപ്പാണ്. താടിയുള്ള പ്രവർത്തകൻമാർക്ക് നിങ്ങൾ പഠിപ്പിക്കാൻ കൊടുക്കുന്ന കുറിപ്പ്. ഈ കുറിപ്പിനകത്ത് നിങ്ങൾ വൈദ്യുതി രംഗത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇവിടെ നിങ്ങൾ പറഞ്ഞിരിക്കുന്നത് മുൻപ് കേരളത്തിൽ വൈദ്യുതിയുടെ കാര്യത്തിൽ ഉൽപ്പാദനച്ചെലവ് ഒരു പ്രശ്നമായിരുന്നില്ല എന്നാണ്. അവിടെയാണ് ശ്രീ. പ്രകാശ്ബാബുവും ഞാനും തമ്മിൽ യോജിക്കുന്നത്. നിങ്ങളുടെ പാർട്ടിയിൽ പലരും അതിനോട് യോജിച്ചതുകൊണ്ടാണല്ലോ പാർട്ടി അണികളെ പഠിപ്പിക്കാൻവേണ്ടി ഈ രേഖ നിങ്ങൾ കൊടുത്തിരിക്കുന്നത്. പാർട്ടി അണികളെ പഠിപ്പിക്കാനുള്ള ആശാൻമാർക്ക് വിതരണം ചെയ്തിട്ടുള്ള രഹസ്യരേഖയാണിത്. മാർക്സിസ്റ്റ് പാർട്ടിക്കകത്തെ രഹസ്യരേഖ. ആ രഹസ്യരേഖയിൽ നിങ്ങൾ പറഞ്ഞിട്ടുള്ളതാണ്. ആ രേഖ കൈയ്യിൽ കാണുമല്ലോ, എടുത്ത് പരിശോധിച്ചാൽ മതി. നിങ്ങൾ പലരും റിപ്പോർട്ടിംഗിനു പോകുന്നവരല്ലേ? കൈയ്യിൽ ഈ രേഖ കാണുമല്ലോ. ഉണ്ടെങ്കിൽ ഞാൻ വായിക്കുന്ന സെന്റൻസ് കറക്ടാണോയെന്നുള്ളത് നിങ്ങൾ പരിശോധിക്കണം. കേരളത്തിൽ മുൻപ് വൈദ്യുതിയുടെ കാര്യത്തിൽ ഉൽപ്പാദനച്ചെലവ് ഒരു പ്രശ്നമായിരുന്നില്ല. കാരണം, നാം മുഖ്യമായും ജലവൈദ്യുത പദ്ധതികളെയാണ് ആശ്രയിച്ചിരുന്നത്. ഇന്നലെ ഞാൻ അങ്ങയോട് ചോദ്യം ചോദിക്കാൻ ഇരുന്നതാണ്. ഇന്നലെ എന്റെ കൈയിൽ ഈ രേഖ ഉണ്ടായിരുന്നു. 50,000 ടൺ റബ്ബർ വിദേശത്ത് കൊടുക്കാൻ എഗ്രിമെന്റുണ്ടാക്കിയ ഗവൺമെന്റാണ് ഇതെന്ന് താഴെയുള്ള സാധുക്കളെക്കൊണ്ട് പഠിപ്പിക്കാൻ വേണ്ടി ഈ രേഖയിൽ ഒരു കള്ളം ഉണ്ട്. അത് ഞാൻ ഇന്നലെ അങ്ങയോട് മനഃപൂർവ്വം ചോദിച്ചില്ല, കാരണം. അങ്ങ് സുഖമില്ലാതെ കിടന്നപ്പോൾ ഞാൻ അങ്ങയെ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ വന്ന് കണ്ട ആളാണ്. സുഖമില്ലാത്ത ഒരാളിനെ, സെക്രട്ടേറിയറ്റ് മെമ്പറെ, ഞാൻ ചോദിച്ച് വിഷമിപ്പിക്കണ്ടെന്ന് വിചാരിച്ച് മിണ്ടാതെ ഇരുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ശർമ്മയുടെ കണക്കും ഈ രേഖയിലെ കണക്കും എന്താണ്? എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട ശർമ്മ ഉത്തരം പറയുമോ, നമ്മുടെ സംസ്ഥാനത്ത് ഒരു യൂണിറ്റ് വൈദ്യുതിക്ക് നമ്മൾ ഇപ്പോൾ ഈടാക്കുന്നത് ഒരു രൂപ എൺപത്തിയൊൻപത് പൈസ എന്നല്ലേ? 1.93 രൂപയാണെന്ന് ഞങ്ങൾ തർക്കം പറഞ്ഞു. വാദത്തിനുവേണ്ടി അങ്ങ് പറഞ്ഞ 1.89 രൂപയാണെന്ന് തീരുമാനിക്കാം. പാർട്ടി അണികളെ പഠിപ്പിക്കുന്നതിനു വേണ്ടി നിങ്ങൾ വച്ചിരിക്കുന്ന ഈ രേഖയിൽ, നിങ്ങൾ ഭരിക്കുന്ന കേരളത്തിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 1.04 രൂപയാണെന്ന് പറഞ്ഞ് കള്ളത്തരം അച്ചടിച്ച് കൊടുക്കേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ? എന്തിനാണ് അങ്ങനെയൊരു കള്ളത്തരം പഠിപ്പിക്കുന്നത്? എന്തിനാണ് അങ്ങനെയൊരു അന്തരീക്ഷ മലിനീകരണമുണ്ടാക്കാൻ ശ്രമിക്കുന്നത്? നിങ്ങൾക്ക് ഇതിനെക്കുറിച്ചുള്ള സമീപനമെന്താണ്? നിങ്ങൾ ജലവൈദ്യുതപദ്ധതിയെക്കുറിച്ച് വളരെ വിപുലമായും, ആവേശത്തോടുകൂടിയും സംസാരിച്ചല്ലോ. 18,19 തീയതിക ളിലെ ദേശാഭിമാനി പത്രത്തിൽ ഇലക്ട്രിസിറ്റി ബോർഡിലെ മുൻ ചെയർമാൻ സിദ്ധാർത്ഥമേനോൻ പേരുവച്ച് എഴുതിയ ലേഖനമുണ്ട്. രണ്ട് ലേഖനങ്ങളും അതാണ്. "വൈദ്യുതിക്ക് പരിഷ്കരണവും താപനിലയങ്ങളും" എന്നുപറഞ്ഞ അദ്ദേഹം എഴുതിയ ലേഖനത്തിൽ പറയുന്നത് താപനിലയം കൊണ്ടുമാത്രമേ കേരളം രക്ഷപ്പെടുകയുള്ളൂവെന്നാണ്, അല്ലാതെ രക്ഷപ്പെടാൻ മാർഗ്ഗമില്ലെന്നാണ്. അപ്പോൾ നിങ്ങളുടെ സമീപനം എന്താണ്? നിങ്ങൾക്ക് ഇതിനെക്കുറിച്ചുള്ള നയപരമായ നിലപാട് എവിടെയാണ്? ശ്രീ. പ്രകാശ് ബാബു പറഞ്ഞതുപോലെ ഹൈഡൽ പ്രോജക്ടാണോ? ശ്രീ. സിദ്ധാർത്ഥമേനോൻ പറയുന്നതു പോലെ താപനിലയമാണോ? നിങ്ങളുടെ ചെലവ് ഈ കുറിപ്പിനകത്ത് പറയുന്നതുപോലെ 1.04 പൈസയാണോ? വിദ്യുച്ഛക്തി വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞതുപോലെ 1.89 പൈസയാണോ? എന്റെ ഉത്തരം കിട്ടാത്ത ചോദ്യമാണ് ഇത്. നിങ്ങൾ ഇരുട്ടിൽത്തപ്പുന്ന ആളുകളാണെന്നുള്ളതുകൊണ്ട് നിങ്ങൾക്ക് വൈദ്യുതിയെക്കുറിച്ചൊന്നും പിടികിട്ടുന്നില്ലെന്നുള്ളതാണ് സത്യം. ഇൻഡ്യയിൽ ഏറ്റവും വിലകുറഞ്ഞ വൈദ്യുതി കൊടുക്കുന്നത് കേരളത്തിലാണെന്ന് പറഞ്ഞല്ലോ. തർക്കമുണ്ട്. ഹിമാചൽപ്രദേശിലാണ്. ഞങ്ങളുടെ കൈയിൽ കണക്കുകളുണ്ട്. ഇൻഡ്യയിൽ ഏറ്റവും ചുരുങ്ങിയ ചെലവിൽ വൈദ്യുതി കൊടുക്കുന്നത് ഹിമാചൽ പ്രദേശിലാണ്. അവിടത്തേക്കാൾ വേണമെങ്കിൽ ചുരുങ്ങിയ ചെലവിൽ നിങ്ങൾക്ക് ഇവിടെ വൈദ്യുതി കൊടുക്കാൻ കഴിയും. ഇത് ഇലക്ട്രിസിറ്റി ബോർഡിന്റെ രേഖയാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കോസ്റ്റ് ഓഫ് പ്രോജക്ട് റുപ്പീസ് എന്നുപറഞ്ഞ് നിങ്ങൾ ഇറക്കിയിരിക്കുന്നത് ഹൈഡൽ പ്രോജക്ടുകളുടെ ഉൽപ്പാദനച്ചെലവാണ്. മാട്ടുപ്പെട്ടിയിൽ ഒരു യൂണിറ്റ് വൈദ്യുതിയുണ്ടാക്കുമ്പോൾ നമുക്ക് ഉൽപ്പാദനച്ചെലവ് 6 പൈസയാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ രേഖയാണ്. അങ്ങ് പരിശോധിച്ചോളൂ. ഞാൻ അങ്ങേക്ക് തരാം. ഇടുക്കിയിൽ ഒരു യൂണിറ്റ് വൈദ്യുതി ഹൈഡൽ പ്രോജക്ടിലുണ്ടാക്കുമ്പോൾ നമുക്കുള്ള ചെലവ് 2.6 പൈസയാണ്. ഷോളയാറിൽ ഒരു യൂണിറ്റ് വൈദ്യുതിയുണ്ടാക്കുമ്പോൾ നമുക്കുള്ള ചെലവ് 5.7 പൈസയാണ്. ശബരിഗിരിയിൽ ഒരു യൂണിറ്റ് വൈദ്യുതിയുണ്ടാക്കുമ്പോൾ നമുക്കുള്ള ചെലവ് 3.8 പൈസയാണ്. ഇവിടെ 6 പൈസയും 2.6 പൈസയും 5.7 പൈസയും 3.8 പൈസയും ചെലവാക്കി ഉല്പാദിപ്പിക്കുന്ന വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ 1.89 രൂപയ്ക്ക് വിൽക്കുന്നുവെന്നുള്ളതാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന ചെലവ് ചുരുക്കൽ.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിക്കുന്നത്. ഹൈഡൽ പ്രോജക്ടാണോ തെർമൽ പ്രോജക്ടാണോ കേരളത്തിനു വേണ്ടതെന്നുള്ള കാര്യത്തിൽ അപ്പുറത്തുള്ളവർക്കും ഇപ്പുറത്തുള്ളവർക്കും കേരളത്തിലുള്ളവർക്കും നാട്ടുകാർക്കുമൊന്നും സംശയമില്ല. ഹൈഡൽ പ്രോജക്ടുതന്നെയാണ്. ഇപ്പോൾത്തന്നെ 8 ഹൈഡൽ പ്രോജക്ടുകൾ കേന്ദ്രത്തിന്റെ സാംഗ്ഷനുവേണ്ടി ഷെൽഫിലുണ്ട്. ബഹുമാനപ്പെട്ട കാർത്തികേയനറിയാം, അവർ തരില്ല. അവർ ഹൈഡൽ പ്രോജക്ടിന് സാംഗ്ഷൻ തരുകയില്ലെന്ന് പറഞ്ഞാൽ നമ്മൾ ഇരുട്ടത്ത് ഇരിക്കണമെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ ഹൈഡൽ പ്രോജക്ട് അങ്ങ് പറഞ്ഞത് മാത്രമല്ല. വേറെ കുറെക്കൂടിയുണ്ട്. അതിന്റെ ക്ലിയറൻസിനുവേണ്ടി നിങ്ങൾ ശ്രമിക്കുന്നില്ല. നിങ്ങൾ ശ്രമിക്കുന്നത് താപനിലയത്തിന്റെ ക്ലിയറൻസിനുവേണ്ടിയാണ്. അതിനു നിങ്ങൾക്ക് ഒരു ഉദ്ദേശ്യമുണ്ട്. ആ ഉദ്ദേശ്യത്തെക്കുറിച്ച് ഞാൻ കഴിഞ്ഞപ്രാവശ്യം ഇവിടെ സൂചിപ്പിച്ചതാണ്. യന്ത്രങ്ങൾ ഇറക്കുമതിചെയ്യാനും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളുമാണ് നിങ്ങൾക്ക് ആവശ്യം എന്നുള്ളതുകൊണ്ട് നിങ്ങൾ അതിൽത്തന്നെ പിടിച്ചു നിൽക്കുകയാണ്. ഏതായാലും അങ്ങ് എഴുന്നേറ്റ് ഒരു ചോദ്യം ചോദിച്ചിട്ട് ഞാൻ പറഞ്ഞ പാർട്ടിയിലെ കുറിപ്പിനെക്കുറിച്ച് ഒന്നും മിണ്ടാതെ ഇരുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ പറഞ്ഞത് അംഗീകരിച്ചുവെന്നുള്ളതാണല്ലോ അതിന്റെ യാഥാർത്ഥ്യം. (തടസ്സം) മനോരമയുടെ ലേഖനമുണ്ട്. അവർ എന്നേക്കാൾ എത്രയോ വിവരമുള്ളവരാണ് എന്നേക്കാൾ കൂടുതൽ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്കറിയാമല്ലോ. ശ്രീ.ടി.കെ. രാമകൃഷ്ണനോട് ചോദിച്ചാൽ മതിയല്ലോ. ഞങ്ങളൊക്കെ മനോരമയുടെ മുന്നിൽക്കൂടി ചെല്ലുന്നവരാണ്. ശ്രീ.ടി.കെ. രാമകൃഷ്ണൻ പുറകിൽക്കൂടി കയറുന്ന ആളാണ്. അതുകൊണ്ട് അദ്ദേഹത്തോട് അതിന്റെ ഗുണത്തെക്കുറിച്ച് ചോദിച്ചാൽ മതിയല്ലോ. ഞാൻ എന്തിനാണ് അതിനെക്കുറിച്ചൊക്കെ പറയുന്നത്? നിങ്ങൾ താപനിലയങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. നമ്മുടെ സംസ്ഥാനത്ത് വന്നിരിക്കുന്ന ഒരു അബദ്ധം, താപനിലയത്തിന് ഉൽപ്പാദനച്ചെലവ് എത്രയാണ്? 5.40 രൂപയാണ് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ്. അത് കാണാതെയാണ് നമ്മൾ പോകുന്നത്. നമ്മുടെ ഒരു യൂണിറ്റ് വൈദ്യുതിക്ക് 5.40 രൂപ ചെലവ് വരുന്നു. താപനിലയങ്ങൾ വേണമെങ്കിൽ ആയിക്കൊള്ളട്ടെ. പക്ഷേ നമുക്ക് അനുവാദം കിട്ടാൻ സാദ്ധ്യതയുള്ള ജലവൈദ്യുതപദ്ധതികളെക്കുറിച്ചുകൂടി നിങ്ങൾ ആലോചിക്കേണ്ടതായിരുന്നു. അത് ആലോചിക്കുന്നില്ല. വൈദ്യുതിയുടെ 20-ാം തീയതിയിലെ കണക്കെടുക്കാം. ഇവിടെ ബോർഡിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉണ്ടാകുമല്ലോ. ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചാൽ മതിയല്ലോ. 20.7.99-ലെ മാത്രം കണക്കെടുക്കാം. ആ ദിവസം നമ്മുടെ ടോട്ടൽ കൺസംപ്ഷൻ എത്രയായിരുന്നു? 27 മില്ല്യൻ യൂണിറ്റാണ്. കായംകുളത്തും, ബി.എസ്.ഇ.എസ്-ൽ നിന്നുള്ള വൈദ്യുതി എടുക്കാൻവേണ്ടി മാത്രം 23 മില്ല്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമായിരുന്ന നമ്മുടെ ജലവൈദ്യുത പദ്ധതികളിൽനിന്ന്, അവിടത്തെ പ്രൊഡക്ഷൻ 17 മില്ല്യൻ യൂണിറ്റായി നിങ്ങൾ ചുരുക്കിക്കൊടുത്തു. എന്തിന്? താപനിലയങ്ങളിൽ നിന്നെടു

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ, വിലകൂടിയ വൈദ്യുതി എടുക്കാൻ വേണ്ടി 4 പൈസയും 6 പൈസയും ഉൽപ്പാദനച്ചെലവുകൊണ്ട് നമ്മളുണ്ടാക്കുന്ന വൈദ്യുതിയുടെ ഉൽപ്പാദനം 17 മില്ല്യൻ യൂണിറ്റാക്കി നിങ്ങൾ വെട്ടിക്കുറച്ചു. ഇന്ന് 22-ാം തീയതിയല്ലേ? 20-ാം തീയതിയിലെ മാത്രം കണക്കെടുക്കാം. 20-ാം തീയതി മാത്രം നിങ്ങൾ ലിമിറ്റു ചെയ്തോ? ഞാൻ ഇതിനകത്ത് ഒരു മെസേജ് കാണുന്നുണ്ട്. ആ മെസേജ് എന്താണെന്നുവച്ചാൽ നമ്മുടെ സംസ്ഥാനത്ത് വില കുറഞ്ഞ വൈദ്യുതി കിട്ടാൻ സാദ്ധ്യതയുണ്ടായിരുന്ന ജലവൈദ്യുതപദ്ധതികൾ സാവകാശം അടച്ചുപൂട്ടുകയും അവിടെയെല്ലാം വിലകൂടിയ വൈദ്യുതി ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള ഒരു രൂപത്തിലേക്ക് സാവകാശം നിങ്ങൾ മാറുകയാണ്. ആ *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*വെല്ലുവിളിയെക്കുറിച്ചാണ് ശ്രീ. പ്രകാശ് ബാബു പറഞ്ഞത്. ഇന്നിപ്പോൾ വൈദ്യുതിരംഗത്ത് നിങ്ങൾ കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് കൃത്രിമമായി ക്ഷാമമുണ്ടെന്ന നിലയിലാണ്. ബ്രഹ്മപുരം പദ്ധതിയിൽനിന്നും 15 ശതമാനം വൈദ്യുതിയല്ലേ നമുക്കിപ്പോൾ കിട്ടുന്നുള്ളൂ. അവിടെനിന്നും പൂർണ്ണമായി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ സാധാരണ വയബിൾ പ്രോജക്ട് എന്ന നിലയിൽ 68.5 ശതമാനം വൈദ്യുതിവരെ ഉൽപ്പാദിപ്പിക്കാൻ കഴിയും. അതല്ലേ മാക്സിമം കപ്പാസിറ്റി? അതിൽ 15 ശതമാനം മാത്രമല്ലേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ? അങ്ങനെ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ പറയുന്ന ബുദ്ധിമുട്ടില്ലാതെ ഇത്രയും രൂപ കടമെടുക്കാതെ വൈദ്യുതിരംഗം ശക്തിപ്പെടുത്തിക്കൊണ്ടുപോകാൻ നമുക്ക് കഴിയുമായിരുന്നു. ഈ രേഖ അങ്ങേയ്ക്ക് അറിയാമോ, ഞാൻ ഉറക്കെ വായിച്ചു തരാം. Energy Infrastructure Service Report - E.I.S.R. - എന്നു പറയും അതിന്റെ ചുരുക്കപ്പേര്. ഇത് ഒപ്പിട്ടത് ആരാണെന്ന് അറിയാമോ? കേരളാ ഗവൺമെന്റാണ്. ഇതിന്റെ കൂടെ ഒപ്പിട്ടത് ആരാണെന്ന് അറിയാമോ? കേരള ഗവൺമെന്റിന്റെ പ്രതിനിധി, നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിന്റെ അന്നത്തെ ചെയർമാൻ ഇൻഡ്യാ ഗവൺമെന്റിന്റെ പ്രതിനിധി കൂട്ടത്തിൽ കാനഡയിലെ ഹൈക്കമ്മീഷണറേറ്റിലെ ഫസ്റ്റ് സെക്രട്ടറിയും ഒപ്പിട്ട ഡോക്കുമെന്റാണ് ഇത്. നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? നിങ്ങൾ ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും മറ്റ് എല്ലാ വൽക്കരണവും വച്ച് ഞങ്ങളെ ആക്ഷേപിച്ചവരല്ലേ? നിങ്ങൾ ഇലക്ട്രിസിറ്റിരംഗം സ്വകാര്യവൽക്കരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളെക്കുറിച്ച് നിങ്ങൾ ആക്ഷേപിക്കുന്നില്ലേ? സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും കമ്പോളവൽക്കരണവും എന്നുവേണ്ട നിഘണ്ടുവിലെ എല്ലാ പദങ്ങളും എടുത്ത് നിങ്ങൾ ഞങ്ങളെ ആക്ഷേപിക്കുന്നുണ്ടല്ലോ. സമയച്ചുരുക്കംകൊണ്ട് ഞാൻ ഒരു വാചകം മാത്രം വായിക്കാം. മേജർ ഡീവിയേഷനാണ്. അടുത്ത നൂറ്റാണ്ടിലേക്കു പോകുന്ന നമ്മൾ ഈ സംസ്ഥാനത്തെ സ്വകാര്യ വ്യക്തികൾക്കുവേണ്ടി കൈമാറാൻ ശ്രമിക്കുകയാണ്. ഇവിടെ ഈ പ്രോജക്ടിന്റെ റെസ്പോൺസിബിലിറ്റീസ് അതിന്റെ പേജ് അങ്ങ് പരിശോധിച്ചാൽ മതി. അതിൽ 5(1) എന്നു പറയുന്ന പാരഗ്രാഫിനകത്ത് Review of the recommendations - with regard to the re-structuring of the power sector in Kerala and other States..... രണ്ടാമത്തെ ഭാഗത്ത് ഈ കനേഡിയൻ കമ്പനിയുമായി നിങ്ങൾ ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ സംസ്ഥാനത്ത് ഈ ചാർജ്ജ്‌വർദ്ധനവ് ഉണ്ടാക്കാൻവേണ്ടി തീരുമാനമെടുത്തത്. ഈ എഗ്രിമെന്റിൽ പറയുന്നു Review of the recommendations - with regard to the re-structuring of the power sector in Kerala, ... Implementation of the new tariff structure ..... 1997 ഫെബ്രുവരി മാസം 11-ാം തീയതി നിങ്ങൾ ഒപ്പിട്ട ഈ എഗ്രിമെന്റിനകത്ത് താരിഫ് റീസ്ട്രക്ചർ ചെയ്തുകൊള്ളാമെന്ന് അവർക്ക് ഉറപ്പ് കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിരുന്നു. നിങ്ങൾ കനേഡിയൻ കമ്പനിക്കു കൊടുത്ത ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞുകൊണ്ടിരിക്കുന്നത്. അടുത്ത സെന്റൻസ് വളരെ പ്രധാനപ്പെട്ടതാണ്. Privatisation of the power system components and the least cost development plants for the power sector in Kerala. കേരളത്തിലെ പവർ സെക്ടറിനെ പ്രൈവറ്റൈസ് ചെയ്യാനുള്ള അവസാനത്തെ തീട്ടൂരത്തിനുമേൽ നിങ്ങൾ ഒപ്പിട്ട് കൊടുത്തിരിക്കുകയാണ്. കേരളത്തിലെ വൈദ്യുതി രംഗത്തെ നിങ്ങൾ സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്. ഇലക്ട്രിസിറ്റി ബോർഡിനെ നിങ്ങൾ സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്. നിങ്ങൾ കനേഡിയൻ കമ്പനിയുമായി അതിനുവേണ്ടി കരാർ ഒപ്പിട്ടു. രണ്ടാമത്തെ ഭാഗം ആക്ഷേപമായതുകൊണ്ട് ഞാൻ ഇപ്പോൾ അത് പറയുന്നില്ല. പക്ഷേ നിങ്ങൾ ഒപ്പിട്ടു. നിങ്ങൾ ഈ പാവപ്പെട്ട ജനങ്ങളെ ഞെക്കിപ്പിഴിയുന്നതിന് താരിഫ് വർദ്ധനവ് ഉണ്ടാക്കി ആളുകളുടെ കൈയിൽനിന്നും കൂടുതൽ പണം ഈടാക്കുന്നത് കനേഡിയൻ കമ്പനിക്കു വേണ്ടി കേരളത്തെ തീറെഴുതുന്നതുകൊണ്ടാണ് ഇത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. കാരണം അങ്ങയുടെ അനുഭവങ്ങൾ വച്ച് പറഞ്ഞു. വൈദ്യുതി ബോർഡിലെ ഒട്ടുമിക്ക രേഖകളും വകുപ്പുമന്ത്രിയിൽ നിന്നും അവർ മറച്ചുവച്ചിരിക്കുകയാണ്. ഞാൻ കോഴിക്കോട്, കാസർഗോഡ് പ്രോജക്ടുകളെ ബന്ധപ്പെടുത്തി ഒരു കാര്യം പറഞ്ഞു. 60 എം.വി.യുടെ ഒരു പ്രോജക്ടിനെക്കുറിച്ച് റിപ്പീറ്റ് ഓർഡർ ആയിട്ട് കൊടുക്കാൻ പോകുന്നുവെന്ന് ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞു. അങ്ങേയ്ക്ക് വൈദ്യുതി ബോർഡുകാർ എഴുതിത്തന്നത് 20 എം.വി.യെക്കുറിച്ചാണ് - ചെറിയ പദ്ധതിയെക്കുറിച്ചാണ്. 40 എം.വി.യെക്കുറിച്ച് അവർ മിണ്ടുന്നേയില്ല. വീണ്ടും അങ്ങേയ്ക്ക് കുറിച്ചുതന്നത് ഇതാണ്. അതുകൊണ്ട് വൈദ്യുതി ബോർഡിനകത്തെ സംഭവങ്ങൾ പലതും അങ്ങയുടെ തലയ്ക്കു മീതെക്കൂടി പറന്നുകൊണ്ടിരിക്കുന്നു. Extra constitutional Centre of power എന്നു പറയുന്നതുപോലെതന്നെ വൈദ്യുതി ബോർഡിൽ അധികാരത്തിനപ്പുറത്ത് അധികാരമില്ലാത്ത ഒരു പുതിയ കേന്ദ്രമുണ്ടായിരിക്കുന്നു. അതാണ് ഇന്നത്തെ വൈദ്യുതി ബോർഡിന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രശ്നം. പെരിങ്ങൽക്കുത്ത്, കുറ്റ്യാടി, നേര്യമംഗലം, ചെങ്കുളം എന്നീ ഡാമുകളെല്ലാം പൊട്ടിപ്പോകും. അവിടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല. 3000 കോടി രൂപയുടെ റിക്വസ്റ്റ് അംഗീകരിക്കാൻ കഴിയുകയില്ല. അങ്ങ് തന്നെ ഈ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കണം. അങ്ങ് തന്നെ ഇതിന് മുൻകൈ എടുക്കണം. ഈ സംസ്ഥാനത്തെ കടക്കെണിയിലാക്കുന്ന ഇന്നത്തെ സാഹചര്യം ഒഴിവാക്കണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ): സർ, നിയമസഭ അംഗീകരിച്ച ചട്ടപ്രകാരം 1500 കോടി രൂപവരെ ഇപ്പോൾ വായ്പ എടുക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിന് കഴിയും. എന്നാൽ അതിനു ശേഷം ഈ പദ്ധതിക്കാലത്ത് കേരളത്തിൽ വൈദ്യുതിമേഖലയിൽ നിർവ്വഹിക്കേണ്ടിവരുന്ന വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് നടത്തിയിട്ടുള്ള ചർച്ചയിൽ 9-ാം പദ്ധതിയുടെ രേഖ അനുസരിച്ച് വികസനരംഗത്ത് കണക്കാക്കിയിട്ടുള്ള മുടക്കുമുതൽ 4800 കോടി രൂപയാണ്. ഈ മേഖലയിൽ തുടർന്ന് കേരളത്തിന്റെ വികസനത്തിനായി ചെലവിടേണ്ടതായി കണക്കാക്കിയിട്ടുള്ള തുക 4380 കോടി രൂപയാണ്. അത് 1997 മുതൽ 2002-ാമാണ്ട് വരെ ഉള്ളതാണ്. അതിൽ പ്രധാനമായും 1289 കോടി രൂപ വൈദ്യുതി ഉല്പാദന മേഖലയിൽ ആണ് കേരളത്തിന്റെ ഊർജ്ജാവശ്യം പരിഗണിച്ചുകൊണ്ട് ഉൽപ്പാദനമേഖലയിൽ ചെലവഴിക്കാൻ കണക്കാക്കിയിട്ടുള്ളത് 1289 കോടി രൂപയാണ്. പ്രസരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി നമുക്ക് പൂർണ്ണമായ അളവിൽ ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നുണ്ടെങ്കിൽ പ്രസരണനഷ്ടം ഒഴിവാക്കി, പ്രസരണരംഗം സുശക്ത മാക്കിക്കൊണ്ട് മാത്രമേ കഴിയുകയുള്ളൂ. അതിനുവേണ്ടി ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ള തുക 1479 കോടി രൂപയാണ്. പ്രസരണരംഗവും ഉൽപ്പാദനമേ ഖലയും ശക്തമാക്കിക്കഴിഞ്ഞാൽ നേരിട്ട് ഇതിന്റെ പ്രയോജനം ഈ സംസ്ഥാ നത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കണമെന്നുണ്ടെങ്കിൽ വിതരണരംഗവും ഫല പ്രദമായിരിക്കണം. അതിന് 770 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇവിടെ പല അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് വോൾട്ടേജ് ക്ഷാമത്തെക്കുറിച്ചാണ്. വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി ചെലവ് വരുമെന്ന് കണക്കാക്കിയ തുക 190 കോടി രൂപയാണ്. ഇതെല്ലാംകൂടി വച്ചുകൊണ്ട് 4380 കോടി രൂപ ഈ പദ്ധതിക്കാലത്ത് ചെലവഴിച്ചെങ്കിൽ മാത്രമേ നാം ഉദ്ദേശിക്കുന്ന രൂപത്തിൽ കേരളത്തിൽ ഉൽപ്പാദനരംഗവും പ്രസ രണ രംഗവും വിതരണരംഗവും മെച്ചപ്പെടുത്തി ക്വാളിറ്റി പവർ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്താൻ കഴിയൂ. അതിലേക്കുള്ള ചെലവ് കണക്കാക്കുമ്പോൾ ഇന്റേണലായിട്ടുള്ള റിസോഴ്സ്സ് 350 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. സർക്കാരിന്റെ ലോൺ എന്ന നിലയിൽ കണക്കാക്കുന്നത് 735 കോടി രൂപയും മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും പ്രതീക്ഷിക്കുന്ന വായ്പ 3294 കോടി രൂപയുമാണ്. അതായത് എൽ.ഐ.സി., ആർ.ഇ.സി., പവർ ഫൈനാൻസ് കോർപ്പറേഷൻ ഐ.ഡി.ബി.ഐ., ഇ.ഡി.സി., നബാർഡ്, എന്നിവ ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തുകൊണ്ടു മാത്രമേ ഇത് കഴിയുകയുള്ളൂ. വ്യവസായങ്ങളുടെ വ്യവസാ യമായ വൈദ്യുതി മേഖലയുടെ വികസനത്തോടുകൂടി മാത്രമേ കേരളത്തിന്റെ കാർഷികരംഗത്തും വ്യാവസായിക രംഗത്തും മറ്റെല്ലാ തലങ്ങളിലും സർവ്വത ലസ്പർശിയായ വികസനം ഉറപ്പു വരുത്തുവാൻ കഴിയുകയുള്ളൂ. അതുദ്ദേശി ച്ചുകൊണ്ടുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള കാഴ്ചപ്പാടിന്റെ ഭാഗമായി ട്ടാണ് ഈ രൂപത്തിൽ ചെലവ് പ്രതീക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. കടക്കെണിയിൽ ബോർഡ് അകപ്പെട്ടിരിക്കുന്നു എന്ന നിഗമന ത്തോട് ഗവൺമെന്റിന് യോജിപ്പില്ല. ഗണ്യമായ തുക ബോർഡ് കടമെടുത്തി ട്ടുണ്ട്. എടുത്തിട്ടുള്ള കടം കൃത്യമായി ബോർഡ് തിരിച്ച് അടച്ചുകൊണ്ടിരിക്കു ന്നുണ്ട്. കൃത്യമായി കടം തിരിച്ചടയ്ക്കുന്ന സ്ഥാപനമാണ് വൈദ്യുതി ബോർഡ്. അടുത്ത കാലത്ത് താരിഫ് വർദ്ധനവിൽ വന്നിട്ടുള്ള മാറ്റം, താരിഫ് ഉയർത്തേണ്ടിവന്ന സാഹചര്യങ്ങൾ എന്നിവ ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞിട്ടു ള്ളതാണ്. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംസാരിച്ചിട്ടുള്ള പല അംഗ ങ്ങളും താപനിലയ പദ്ധതികളെ സംബന്ധിച്ച് പറഞ്ഞു. പച്ചവെള്ളത്തിന് വിലയില്ല. ഇന്ധനത്തിന് വിലയുണ്ട്. ഈ വ്യത്യാസമുണ്ട്. പച്ചവെള്ള ത്തിൽനിന്ന് പവർ ഉൽപ്പാദിക്കുമ്പോൾ കുറഞ്ഞ വിലയാണ്. ഗവൺമെന്റിന് ഒരു സംശയവുമില്ല. അതിൽ ഭരണകക്ഷിയെന്നോ, പ്രതിപക്ഷമെന്നോ ഉള്ള ഒരു അഭിപ്രായവ്യത്യാസത്തിന്റേയോ തർക്കത്തിന്റേയോ പ്രശ്നമില്ല. നാഫ്ത ഉപയോഗിച്ചുകൊണ്ടും ഡീസൽ ഉപയോഗിച്ചുകൊണ്ടും എൽ.എസ്.എച്ച്.എ സ്. ഉപയോഗിച്ചുകൊണ്ടുമുള്ള വൈദ്യുതി ഉല്പാദനത്തിലേക്ക് ഇൻഡ്യാ ഗവൺമെന്റ് 1995 ലാണ് സുപ്രധാനമായ ഒരു ചെയിഞ്ച് മൗലികമായി ഇൻഡ്യ യിൽ വരുത്തിയത്. ഇൻഡ്യാ ഗവൺമെന്റ് വരുത്തിയ ഈ മാറ്റത്തിന്റെ അടി സ്ഥാനത്തിലാണ് കൊച്ചിയിലെ വി.എസ്.എസ്. ആകട്ടെ, ബി.എസ്.ഇ.എസ്. ആകട്ടെ, സ്വകാര്യമേഖലയിലെ മറ്റു വൈദ്യുത പ്രോജക്ടുകളാകട്ടെ, നാഫ്ത ഉപയോഗിച്ചുകൊണ്ട് തുടങ്ങിയിട്ടുള്ളതിൽ 1995-ൽ തന്നെയാണ് കേരള ഗവൺമെന്റ് എം.ഒ.യു. ഒപ്പുവച്ചിട്ടുള്ളത്. ഒരൊറ്റ പുതിയ പ്രോജക്ടിനും ഈ ഗവൺമെന്റ് വന്നതിനുശേഷം എം.ഒ.യു.വിൽ ഒപ്പുവച്ചിട്ടില്ല. 1995-ൽ പുതിയ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിൽ വന്നിട്ടുള്ള ചെയിഞ്ചുണ്ട്. അതേ സമയം നമ്മൾ ഇത് എടുത്തില്ലെന്ന് വിചാരിക്കുക. ജലവൈദ്യുത പദ്ധതിയെ മാത്രം ആശ്രയിച്ചുനിന്നിരുന്ന ഒരു സംസ്ഥാനമായതുകൊണ്ട് അതിൽ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

തായി വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയാത്തവിധത്തിലുള്ള പ്രതിസന്ധി കേരളം നേരിട്ടു. ആ പ്രതിസന്ധിക്കകത്ത്, പ്രധാനമായും വൈദ്യുതി ഇവിടെ ഉല്പാദിപ്പിക്കണമോ, വേണ്ടയോ എന്ന ചോദ്യത്തിന്റെ മുമ്പിൽ അല്പം വില കൂടുകയാണെങ്കിലും വൈദ്യുതിയില്ലാത്തതിന്റെ പേരിൽ ഏതെങ്കിലും ഒരു വ്യവസായസ്ഥാപനം പൂട്ടാൻ ഇടവരരുത്, പ്രതിസന്ധിയിലേക്ക് പോകാൻ ഇട വരരുത് എന്ന തീരുമാനമാണ് എടുത്തത്. ഉള്ളതിന്റെ പേരിലുള്ള പ്രയാസങ്ങൾ ചർച്ചചെയ്യാനും പരിഹാരം കാണാനും കഴിയണമെന്നുണ്ടെങ്കിൽ, അതുണ്ടെങ്കിലേ കഴിയൂ. ഇപ്പോഴുള്ള പ്രശ്നം എന്താണെന്നു വച്ചാൽ, വൈദ്യുതി ഇല്ലാത്തതിന്റെ പേരിൽ ഈ സംസ്ഥാനത്ത് ഒറ്റ വ്യവസായവും പൂട്ടുന്ന പ്രശ്നമില്ല. ഉള്ളതിന്റെ പേരിൽ ഉല്പാദനച്ചെലവ് വർദ്ധിക്കും. ചെലവിന്റെ കാര്യത്തിൽ ജലത്തിന്റേയും നാഫ്തയുടേയും ഇന്ധനമുപയോഗിക്കുമ്പോൾ വരുന്ന കോസ്റ്റ് എന്റയർലി ഡിഫറന്റാണ്. ഈ വ്യത്യാസം വന്നതിന്റെ അടിസ്ഥാനത്തിൽ വരുന്ന ചോദ്യത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു ഒരു രൂപ തൊണ്ണൂറ്റി ഒമ്പത് പൈസയാണ് താരിഫ് റിവിഷനുശേഷം ഒരു യൂണിറ്റിന് ഉല്പാദനച്ചെലവ് വരുന്നത് എന്ന്. അതിലൊന്നും സംശയത്തിന്റെ പ്രശ്നമില്ല. 1.55 രൂപയായിരുന്നു വരവ്. അതിൽ വരുന്ന വ്യത്യാസം കണക്കിലെടുത്തിട്ട് വരുന്ന നഷ്ടം നികത്താൻകൂടി കണക്കിലെടുത്തുകൊണ്ടുതന്നെയാണ് താരിഫ് റിവിഷൻ വന്നത്. ഒരു രൂപ നാലുപൈസ എന്നു പറഞ്ഞ് റിപ്പോർട്ട് ചെയ്ത് പാവപ്പെട്ടവരെ തെറ്റിദ്ധരിപ്പിച്ചു എന്നും ഒരു രഹസ്യരേഖയുടെ ഉത്തരവാദിത്വവുമൊക്കെ ഇവിടെ പറഞ്ഞു. പാർട്ടി ഇറക്കിയിട്ടുള്ള പ്രസിദ്ധീകരണത്തിലും ഉത്തരവാദിത്വം പൂർണ്ണമായിട്ടുണ്ടല്ലോ. ഒരു രൂപ നാലുപൈസ എന്നുള്ളത് ശരിയാണ്. അത് എവിടെയാണെന്ന് അറിയാമോ? ഗാർഹികോപഭോക്താക്കൾക്ക് കൊടുക്കുന്ന കറന്റിന്റെ വില 1.04 രൂപയാണ്. ശരാശരിയാണത്. നിങ്ങൾ ആ കാര്യം മനസ്സിലാക്കാതെ പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാൻ നോക്കേണ്ട. എച്ച്.ടി. വ്യവസായത്തിന് ചിലപ്പോൾ അതിനേക്കാൾ കൂടി എന്നു വരും. കുറ്റൻ കച്ചവടസ്ഥാപനത്തിന് ചിലപ്പോൾ മൂന്നു രൂപ അറുപത്തിയഞ്ചു പൈസ ആയെന്നു വരും. എച്ച്.ടി വ്യവസായത്തിന് ചിലപ്പോൾ 2.85 രൂപയായി എന്നുവരും. ഇപ്പോൾ കൃഷിക്ക് 55 പൈസയേയുള്ളൂ. ഒരു യൂണിറ്റ് വൈദ്യുതി കാർഷികാവശ്യത്തിന് കൊടുക്കുമ്പോൾ വെറും ഈടാക്കുന്നത്. ഷൊർണൂർ തൊട്ട് എറണാകുളം വരെ ഇപ്പോൾ ഇലക്ട്രിക് ലൈൻ ഉണ്ട്. 55 പൈസയ്ക്കാണ് ഒരു യൂണിറ്റ് വൈദ്യുതി അങ്ങോട്ട് കൊടുക്കുന്നത്. കേന്ദ്രത്തിൽനിന്ന് നമുക്ക് തരുന്നത്..... കായംകുളത്തിന്റെ, ഞാൻ അതിനൊരു വലിയ തർക്കമുന്നയിച്ച് ഏതെങ്കിലും വിധത്തിലേക്ക് പോകാനാഗ്രഹിക്കുന്നില്ല. കായംകുളം പദ്ധതി, ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ചാർജ്ജ് വർദ്ധനവുണ്ടെങ്കിലും, കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാനമായ പദ്ധതി തന്നെയാണ്. ഈ സമ്മേളനം തുടങ്ങിയ ദിവസംതന്നെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഗവൺമെന്റിനെ പ്രതികൂട്ടിൽ നിർത്താൻവേണ്ടി അതിന്റെ പവർ പർചേസ് എഗ്രിമെന്റ് വച്ചപ്പോൾ ദീർഘവീക്ഷണമില്ലാതിരുന്നതിന്റെ ഫലമായിട്ടല്ലേ കൂടുതൽ ചാർജ്ജ് കൊടുക്കേണ്ടിവന്നത് എന്ന് ചോദിച്ചപ്പോൾ ഞാൻ അതിന് മറുപടി പറഞ്ഞു. 1995-ലാണ് അതിന്റെ പി.പി.എ. ഒപ്പിട്ടിട്ടുള്ളത് എന്ന് പറഞ്ഞപ്പോൾ അത് മേശപ്പുറത്ത് വയ്ക്കാമോ എന്നു ചോദിച്ചു. ഞാൻ പത്തു മിനിറ്റിനുള്ളിൽ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. പിന്നെ അതിനോട് പ്രതികരണമുണ്ടായിട്ടില്ല. ഞാനിത് പറഞ്ഞത് കുറ്റം പറയാൻ വേണ്ടിയല്ല. ഇങ്ങോട്ട് ഇതൊക്കെ ചെയ്തു; എന്നിട്ട് കൂട്ടിയെന്നു സ്ഥാപിക്കാൻ നോക്കരുത്. അതുകൊണ്ട് ഇങ്ങനെയൊക്കെ ഉണ്ടായി എന്നുള്ളത് കാര്യങ്ങൾ മനസ്സിലാക്കാൻവേണ്ടി പറഞ്ഞു എന്നു മാത്രമേയുള്ളൂ. അന്ന് നിങ്ങൾ ഭരണകക്ഷി ആയിരുന്നു എന്നുള്ളതുകൊണ്ട് 1995-ൽ അങ്ങനെയൊരു പവർ പർചേസ് എഗ്രിമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

വച്ചത് ഒരപരാധമായിപ്പോയി. ഇപ്പോൾ പ്രതിപക്ഷത്താണ് എന്നുള്ളതു കൊണ്ട് തൽക്കാലത്തേക്ക് യുക്തിസഹമായി തോൽപ്പിക്കാൻ നല്ലൊരു മറുപടിയാണെന്നുണ്ടെങ്കിലും അങ്ങനെ തോൽപ്പിക്കാൻവേണ്ടി ഒരു മറുപടി ഈ കാര്യത്തിൽ ഞാൻ പറയുന്നില്ല. കേരളത്തിനാവശ്യമായുള്ള വൈദ്യുതി എടുത്തുകൊള്ളാമെന്നുള്ള നിലപാട് അന്ന് സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ അത് റീജിയണൽ പ്രോജക്ടായിട്ട് പോകും. അങ്ങനെ റീജിയണൽ പ്രോജക്ടായി പോയിരുന്നുവെങ്കിൽ ഉല്പാദിപ്പിക്കുന്നതിന്റെ പത്തു ശതമാനമേ കൂട്ടുകയുള്ളൂ. നമ്മുടെ സ്റ്റേറ്റിൽ ഇപ്പോൾ രണ്ട് ഘട്ടങ്ങളിലായി 230 മെഗാവാട്ട് വൈദ്യുതി കായംകുളം പദ്ധതിയിൽനിന്ന് നമുക്ക് കിട്ടുന്നുണ്ട്. ഇനി ബാക്കി വരുന്ന 120 മെഗാവാട്ട് കൂടി കിട്ടിയാൽ 350 മെഗാവാട്ട് കൂടി ഈ വരുന്ന സെപ്റ്റംബറിൽ കിട്ടും. അത് കിട്ടിയാൽ കേരളത്തെ സംബന്ധിച്ചിടത്തോളം വില കൂടും. വെള്ളമല്ല നാഫ്ത എന്നുള്ള ഒരു വ്യത്യാസമുണ്ട്. അത് സത്യമാണ്. വെള്ളമല്ല. നാഫ്ത. വെള്ളത്തിന് വിലയില്ല. നാഫ്തയ്ക്ക് വിലയുണ്ട്. നാഫ്തയ്ക്ക് ആഗോളാടിസ്ഥാനത്തിൽ മാർക്കറ്റിൽ വരുന്ന വില അടിസ്ഥാനമായി പവർ ഉല്പാദിപ്പിക്കുമ്പോൾ അല്ലെങ്കിൽ നമുക്കൊരു കാര്യം തീരുമാനിക്കാം. ഇതൊന്നും വേണ്ട. പൂയംകുട്ടിക്ക് അനുമതി കിട്ടുന്നില്ല; കുരിയാർകുറ്റി കാരപ്പാറയ്ക്ക് കിട്ടുന്നില്ല; സൈലന്റ്വാലി ..... മനുഷ്യന്റെ ജീവിതപ്രശ്നത്തേക്കാൾ സർവ്വോപരി മൗലികമായ പ്രശ്നം കാട്ടിലെ പാമ്പിന്റേയും തേളിന്റേയുമൊക്കെ ആണെന്നുള്ളത് വന്നു. അതും പോയി. അപ്പോൾ സൈലന്റ്വാലി പോയി. പൂയംകുട്ടി ആയിട്ടില്ല. കുരിയാർകുറ്റി - കാരപ്പാറ ഇപ്പോൾ കേന്ദ്രത്തിന്റെ പരിഗണനയിൽ കിടക്കുകയാണ്. വിവിധ ജലവൈദ്യുത പദ്ധതികൾ കേന്ദ്രത്തിന്റെ മുമ്പിൽ പരിഗണനയ്ക്ക് കിടക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഊർജ്ജ ഉപയോഗം കേരളത്തിൽ വർദ്ധിച്ചുവരുന്നു; ഉപഭോഗം കൂടിവരുന്നു. അത് കൃത്രിമമായി ഇലക്ട്രിസിറ്റി ബോർഡ് ഉണ്ടാക്കിയ കണക്കല്ല. ഇൻഡ്യാ ഗവൺമെന്റിന്റെ 15-ാം പവർ സർവ്വേ അംഗീകരിച്ചിട്ടുള്ള കണക്കനുസരിച്ചുള്ളതാണ്. പവർ സർവ്വേ പ്രകാരം 2763 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ രണ്ടായിരാമാണ്ട് കഴിയുന്നതോടുകൂടി വേണ്ടി വരുമെന്നാണ് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പറയുന്നത്; കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അല്ല. ബോർഡ് തെറ്റിദ്ധരിപ്പിച്ചു എന്നുള്ള നിലയിലേക്ക് തെറ്റിദ്ധരിക്കാൻ ഇടവരേണ്ട. ബോർഡിന് എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് സിൻസിയറായി പരിശോധിക്കുന്നതിനും കറക്ട് ചെയ്യുന്നതിനും ഈ ഗവൺമെന്റിന് യാതൊരു മടിയുമില്ല. അവിടെ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തിന്റെ ഉള്ളടക്കത്തോടും എനിക്ക് പൂർണ്ണമായിട്ടും യോജിപ്പാണ്. പക്ഷേ പവർ സർവ്വേ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നടത്തിയിട്ടുള്ളതാണ്. ഇൻഡ്യയ്ക്കാകെ ബാധകമായിട്ടുള്ള സി.ഇ.എ.യുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ഇൻഡ്യയിൽ എല്ലാ സ്റ്റേറ്റുകളും പ്രവർത്തിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ പെർഫോർമൻസ് ഈ കഴിഞ്ഞ വർഷങ്ങളിൽ മെച്ചപ്പെട്ടതായിരുന്നു എന്നുള്ളത് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിതന്നെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കാര്യം ഞാനിവിടെ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഊർജ്ജമേഖലയിൽ ഉല്പാദനരംഗത്തും പ്രസരണരംഗത്തും വിതരണരംഗത്തും 4360 കോടി രൂപ മുതൽമുടക്കിക്കൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയിൽ ഒരു ഗുണപരമായ മാറ്റം ഉറപ്പുവരുത്തുന്നതിന് ചെലവ് ആവശ്യമാണ്. ആ ചെലവ് നിർവ്വഹിക്കേണ്ടിവരുന്നതിന് കടമെടുക്കേണ്ടിവരും. ഇപ്പോൾ 1500 കോടി രൂപ കടം എടുക്കാനുള്ളത് ചർച്ചകൾക്ക് ശേഷം നമ്മൾതന്നെ അംഗീകരിച്ച് കൊടുത്തിട്ടുണ്ട്. അതിന് സർക്കാർ ഇന്ന് മറ്റു വകുപ്പുകളിൽ കൊടുക്കുന്നതുപോലെ ഇത്ര കോടി രൂപ എന്നു പറഞ്ഞ് മാറ്റി വയ്ക്കുന്നില്ല. സ്വന്തമായിട്ട് ബോർഡ് കാര്യങ്ങൾ ചെയ്യണം. ബോർഡിന് കടം വാങ്ങാനുള്ള കപ്പാസിറ്റി വർദ്ധിപ്പിച്ചെടുത്തെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ പുതിയ പ്രോജക്ടുകൾ തുടങ്ങാനാകൂ; ഈ മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്താനാകും. എഗ്രിമെന്റിനെപ്പറ്റി ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വായിച്ചു. ഇൻഡ്യാ ഗവൺമെന്റും കനേഡിയൻ ഗവൺമെന്റുമായി ഒപ്പുവച്ചിട്ടുള്ള എഗ്രിമെന്റാണത്. കേരളാ ഗവൺമെന്റിനാണെങ്കിൽ പിന്നെ ഇൻഡ്യാ ഗവൺമെന്റിന്റെ പ്രതിനിധി അവിടെ വേണ്ടല്ലോ. ഇൻഡ്യാ ഗവൺമെന്റിനെ പ്രതിനിധീകരിച്ചു എന്ന് അങ്ങുതന്നെ പറഞ്ഞല്ലോ. ഇൻഡ്യാ ഗവൺമെന്റുമായി ഒപ്പുവച്ച എഗ്രിമെന്റാണ്. ആ എഗ്രിമെന്റിൽ ഈ സംസ്ഥാനത്തിലെ ഇലക്ട്രിസിറ്റി ബോർഡിന് ദോഷകരമായി ബാധിക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ ..... ഒരു കാര്യം വളരെ വ്യക്തമാണല്ലോ. അത് 1997-ൽ ആണല്ലോ. അതിനുശേഷമാണല്ലോ ഈ വകുപ്പിന്റെ ചുമതല നിർവഹിച്ചിരുന്ന ബഹുമാന്യനായ പിണറായി വിജയൻ ഊർജ്ജ പോളിസി അംഗീകരിച്ചത്; പവർ പോളിസി ഇവിടെ അവതരിപ്പിച്ചത്. ആ പവർ പോളിസിയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഊർജ്ജ മേഖലയിൽ ഉല്പാദനരംഗത്ത് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ വ്യവസ്ഥകൾക്കു വിധേയമായി കൊടുക്കും. പക്ഷേ പ്രസരണരംഗത്തും, വിതരണരംഗത്തും വൈദ്യുതി ബോർഡ് പൂർണ്ണമായും പൊതു ഉടമസ്ഥതയിൽത്തന്നെയായിരിക്കും എന്ന്. വൈദ്യുതിബോർഡ് ഒരു കാരണവശാലും സ്വകാര്യവൽക്കരിക്കാൻ ഈ ഗവൺമെന്റ് അംഗീകരിക്കില്ല എന്ന് വളരെ വ്യക്തമായി പവർ പോളിസിയിൽ ഈ സഭയെ വിശ്വാസത്തിലെടുത്തുതന്നെ അദ്ദേഹം ഡിക്ലയർ ചെയ്തിട്ടുള്ളതാണ്. ആ നയം തുടരുന്നു. ഈ ഗവൺമെന്റ്, ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, എത്ര കാലം തുടരുന്നുവോ ആ കാലംവരെ ഇലക്ട്രിസിറ്റി ബോർഡ് സ്വകാര്യവൽക്കരിക്കുന്ന പ്രശ്നമില്ല. ബോർഡ് പൊതു ഉടമസ്ഥതയിൽ തന്നെയായിരിക്കും. ബാക്കിയുള്ള കാലത്തെപ്പറ്റി പറയാൻ ഞാൻ അശക്തനാണ്. ഇവിടെ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ഉള്ള അംഗങ്ങൾ പ്രകടിപ്പിച്ച ജലവൈദ്യുത പദ്ധതികൾക്ക് പ്രാധാന്യം കാണുക എന്നുള്ളത് അതീവ ഗൗരവമുള്ളതുതന്നെയാണ്. ആ ഗൗരവത്തോടുകൂടിത്തന്നെ അക്കാര്യം കണ്ടുകൊണ്ട് ഡിമാന്റ് ചർച്ചയ്ക്കുള്ള മറുപടിയുടെ വേളയിൽ, വരുന്ന 6 മാസക്കാലത്തിനുള്ളിൽ 500 ൽ അധികം മെഗാവാട്ട് വൈദ്യുതി ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഉല്പാദിപ്പിക്കാൻ ഈ സംസ്ഥാനത്ത് പുതിയ പദ്ധതികൾ തുടങ്ങാൻ കഴിയത്തക്കവിധത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കാൻ പ്രത്യേകമായി വൈദ്യുതിബോർഡിലെ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ തീരുമാനിക്കുന്നുവെന്ന്, ജൂലൈ മാസം 1-ാം തീയതി പ്രഖ്യാപിച്ചുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ടീമിനെ നിയോഗിച്ചുകഴിഞ്ഞു. ജലസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി ഏറ്റവും ചെലവു കുറഞ്ഞ വിലയ്ക്ക് വൈദ്യുതി കിട്ടണം എന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. വൈദ്യുതി ബോർഡ് സ്വകാര്യവൽക്കരിക്കുന്ന പ്രശ്നമില്ല. പക്ഷേ ഊർജ്ജ പ്രതിസന്ധി അതിജീവിക്കാൻ താപനിലയങ്ങളിലെ സാധ്യതകളെ പരമാവധി ഇതിനകം ഉപയോഗപ്പെടുത്തും എന്നതിന്റെ തുടർച്ചയിൽ വരുന്ന സെപ്റ്റംബർ മാസത്തോടുകൂടി കോഴിക്കോട് ഡീസൽ നിലയവും കമ്മീഷൻ ചെയ്യാൻ പോകുകയാണ്. കാസർഗോഡിന്റെ കാര്യം ഞാൻ നേരത്തേ ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. അതേയവസരത്തിൽ, ഭാവിയിൽ വിദ്യുച്ഛക്തി താരിഫ് കൂട്ടേണ്ടിവരുന്ന സാഹചര്യം എങ്ങനെ ഒഴിവാക്കാം എന്ന് പരിശോധിച്ച് ജലസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് വൈദ്യുതി കിട്ടണമെന്നുള്ള, ജനങ്ങളെ സഹായിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹത്തിന്റെ ഉള്ളടക്കത്തിന് മൗലികമായ പ്രാധാന്യം ഗവൺമെന്റ് കൊടുക്കുന്നു. ഇന്ന് വില കൂടിയിട്ടുള്ള സാഹചര്യങ്ങൾ വച്ചുകൊണ്ട് കേരളത്തിന്റെ ഭാവി എപ്രകാരം ആയിരിക്കണം എന്ന് പരിശോധിക്കുന്നുണ്ട്. ലോകത്തിൽ ഏറ്റവും ചീപ്പസ്റ്റായി ജലം കഴിഞ്ഞാൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന മാർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

മായി കണക്കാക്കുന്നത് ദ്രവീകൃതവാതകമാണ്. അത് കൊച്ചിയിൽ പെട്രോനെറ്റ് എൽ.എൻ.ജി.യുടെ നേതൃത്വത്തിൽ എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള ആഗോള ടെൻഡർ ഇതിനകം പെട്രോനെറ്റ് എൽ.എൻ.ജി. ക്ഷണിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന് കേരള ഗവൺമെന്റ് ഷെയർ എടുക്കുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനത്തിൽത്തന്നെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. ജലസ്രോതസ് ഉപയോഗപ്പെടുത്തിയും ഗ്യാസ് ഉപയോഗിച്ച് ഭാവിയിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കാനുള്ള സാധ്യതയിൽ ഈ ഗവൺമെന്റിന്റെ സാധ്യമായ പങ്ക് ഉറപ്പാക്കിക്കൊണ്ടും കുറഞ്ഞ വിലയ്ക്ക് ഭാവിയിൽ വൈദ്യുതി കിട്ടുക എന്ന ആത്മാർത്ഥമായ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടുമാണ് ഗവൺമെന്റ് ഊർജ്ജ മേഖല കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഈ കാര്യം വീണ്ടും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വൈദ്യുതി ഇല്ലാത്തതിന്റെ പേരിലുള്ള ഉല്പാദനനഷ്ടത്തെക്കുറിച്ച് ഞാൻ രാവിലെ പറഞ്ഞു. വ്യവസായ സ്ഥാപനങ്ങൾ പൂട്ടേണ്ടിവന്നപ്പോൾ വ്യവസായങ്ങൾക്ക് 100 ശതമാനം പവർകട്ട് ഏർപ്പെടുത്തേണ്ടി വന്നപ്പോൾ ഉല്പാദനനഷ്ടം ഒരു മാസം 500 കോടി രൂപ, ഒരു വർഷം..... മരിച്ചുകിടക്കുന്ന ഒരാൾ ജീവനുള്ളയാളിന്റെ കുറവ് ചൂണ്ടിക്കാണിക്കാറില്ല. ആ മരണത്തിലേയ്ക്കു പോകാതെ ചലനാത്മകമായി, സജീവമായി ഇന്ന് ജീവനുള്ള ഒരു മേഖലയായി വ്യവസായ മേഖലയേയും കാർഷിക മേഖലയേയും നിലനിർത്തണമെന്നും വൈദ്യുതിയുടെ ഏതെങ്കിലും തരത്തിലുള്ള കുറവുകൊണ്ട് അവയെ പരിക്കേൽപ്പിക്കാതിരിക്കണം എന്നും ഉള്ള സമീപനം ഈ ഗവൺമെന്റ് വച്ച് പുലർത്തുന്നുണ്ട്. ഈ വ്യത്യാസം തിരിച്ചറിഞ്ഞുകൊണ്ട് ഈ പ്രമേയം പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : കഴിഞ്ഞ റെസല്യൂഷൻ ചർച്ചചെയ്തപ്പോൾ അന്ന് മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയൻ ഒറ്റ വാചകം മാത്രമേ പറഞ്ഞുള്ളൂ. ഈ പ്രമേയം പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. എന്ന ഒരേയൊരു വാചകം മാത്രം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ : ഇനി ഈ സെക്ഷനിലെ അവസാനത്തെ ഐറ്റം.

ശ്രീ. എ.കെ. ആന്റണി : ഈ സെഷനിലെ തന്നെയാണോ അതോ ഈ നൂറ്റാണ്ടിലെ അവസാനത്തെ ഐറ്റമായി മാറുമോ ഇത്?

മി. സ്പീക്കർ : ഈ നൂറ്റാണ്ടിലെ അവസാനത്തേത് ആയിക്കൂടാ. പാർലമെന്റ് ഇലക്ഷനൊക്കെ കഴിഞ്ഞിട്ട് നവംബർ മാസത്തോടുകൂടി ഒരു വർഷകാല സമ്മേളനം, ബില്ലുകളും മറ്റുമൊക്കെ ചർച്ച ചെയ്യാൻവേണ്ടി വിശദമായിട്ട് കൂടണം.

ശ്രീ. എ.കെ. ആന്റണി : ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഒരു ദിവസമെങ്കിലും നമ്മളൊരുമിച്ച് കൂടണം. ഈ നൂറ്റാണ്ടിനോട് യാത്ര പറയണം.

മി. സ്പീക്കർ : തീർച്ചയായിട്ടും കൂടണം. അങ്ങ് വച്ച നിർദ്ദേശം വളരെ വിലപ്പെട്ടതാണ്. ഒരു ദിവസമൊന്നുമല്ല. നമുക്ക് അത് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly